# സ്വസ്തി

മഞ്ഞുമ്മൽ അമലോത്ഭവ മാതാ ഇടവക വാർത്താ പത്രിക . 2021 മെയ് - ജൂൺ

## അവകാശവും അവബോധവും



യൗസേപ്പിതാവർഷം
08.12.2020 - 08.12.2021




# സ്വസ്തി

2021 മെയ് - ജൂൺ

രക്ഷാധികാരി
റവ. ഫാ. ടൈറ്റസ് കാരിക്കശ്ശേരി ഒ. സി. ഡി.

ചീഫ് എഡിറ്റർ
ജയ്സൺ ടി.ജോൺ തെക്കേവിള

മാനേജിംഗ് എഡിറ്റർ
ഫിലോമിന ജോഷി

പത്രാധിപസമിതി
ജോസ് ഡിക്സൻ കെ.എക്സ്,
ഫ്രാൻസിസ് ഡിക്രൂസ്,
റീന ബെനഡിക്ട്, നിഷ ഷൈജു,
എബി റോഷിൻ, ആർതർ ക്രിസ്റ്റീൻ,
ബെറ്റ്സി ബിജു, ആൽഫിൻ സെബാസ്റ്റ്യൻ,
ജോയൽ ജോണി

ഉപദേശക സമിതി
റവ. ഫാ. ടിനു ആന്റണി ഒ.സി.ഡി.
( സഹവികാരി )
വർഗീസ് പുളിക്കൽ
( ലീഡർ, ഫാമിലി യൂണിറ്റ്, കേന്ദ്ര നിർവ്വാഹക സമിതി )
ജിപ്സൺ സിക്കേര
( ചീഫ് ഫോട്ടോഗ്രാഫർ, ദി ടൈംസ് ഓഫ് ഇന്ത്യ )

## അകത്താളുകളിൽ

ഇടയമൊഴി
എഡിറ്റോറിയൽ
അഭിമുഖം: ലത്തീൻ സമുദായത്തിന് ആശങ്ക വേണ്ട
കേരള ലത്തീൻ കത്തോലിക്കരുടെ
സാമൂഹിക സാമ്പത്തിക നിജസ്ഥിതി പഠനവും
ജസ്റ്റിസ് ജെ. ബി. കോശി കമ്മീഷനും
ഉള്ളുതുറന്ന്: നാം അറിയുമോ നമ്മുടെ അവകാശങ്ങൾ
ഇടവകവാർത്തകൾ
അനുസരണത്തിന്റെ മാതൃകയായ യൗസേപ്പ്
പൈതൃകം: ഐക്യം ഉറപ്പാക്കാൻ അയക്കപ്പെട്ടവർ

എഡിറ്റോറിയൽ

# അവഗണനയും അവബോധവും

ഓട്ട മൽസരത്തിൽ ആദ്യം ഫിനിഷിങ് പോയിന്റിൽ എത്തുന്നതാണ് മെറിറ്റ്. എന്നാൽ സ്റ്റാർട്ടിങ് പോയിന്റ് പലർക്കും പലതാണെങ്കിലോ? ഈ ലോജിക് തന്നെയാണ് നമ്മുടെ ഭരണഘടന നൽകുന്ന സംവരണ തത്ത്വങ്ങളുടെ സാമൂഹ്യനീതി. തൊട്ടുകൂടായ്മ നടപ്പാക്കിയ സവർണർ കീഴ്ജാതിക്കാരെ ആദ്യം വിലക്കിയത് പാഠശാലകളിൽ നിന്നാണ്; പിന്നെ പൊതു ഇടങ്ങളിൽ നിന്നും. വിദ്യാസമ്പന്നരായാൽ അവർ enlightened അഥവാ പ്രബുദ്ധരാവും. പല ചോദ്യങ്ങളുമുയരും. അധികാരത്തിലേക്കുള്ള കുറുക്കുവഴികൾ അടയും. അനായാസ വിജയത്തിനായി ഈ തന്ത്രം പലരും നടപ്പാക്കിക്കൊണ്ടിരിക്കുന്നു. പെരുവിരൽ നഷ്ടപ്പെട്ട ഇതിഹാസ കഥാപാത്രമായ ഏകലവ്യൻ മുതൽ അടുത്തിടെ കേരളത്തിലെ ബാർബർ ഷോപ്പിൽ പ്രവേശനം നിഷേധിക്കപ്പെട്ട ദലിതന്റെ മക്കൾ വരെ ഈ അവകാശ നിഷേധത്തിന്റെ തുടർച്ചകളാണ്. സവർണ മേഖലയിലെ ഹോട്ടലിൽ നിന്നും ഭക്ഷണം കഴിച്ചതിനും പൊതുകിണറ്റിൽ നിന്നും വെള്ളം കോരിയതിനും മീശ വച്ചതിനും രാജ്യത്ത് ദലിതർ കൊല്ലപ്പെട്ടത് ആഴ്ചകൾക്കു മുൻപാണ്. ഈ നാട്ടിലാണ് ഇനിയും സംവരണം അവസാനിപ്പിച്ചു കൂടേ എന്ന് ഒരു ന്യായാധിപൻ പോലും ചോദിച്ചത്! പിന്നോക്ക വിഭാഗങ്ങൾക്ക് അനുവദിക്കുന്ന ആനുകൂല്യം ഇല്ലാതാക്കാൻ സവർണർ അടുത്ത കാലത്തായി കണ്ടു പിടിച്ച ഒളിയായുധമാണ് സാമ്പത്തിക സംവരണം. ഗൂഢലക്ഷ്യങ്ങൾക്കൊപ്പം ഇങ്ങനെ നൂതന (കു)തന്ത്രങ്ങൾ പലതും വന്നു ചേരാം. മതം ആനുകൂല്യങ്ങൾ നൽകാൻ മാനദണ്ഡമാവരുതെന്ന് ഭരണഘടന നിർദ്ദേശിക്കുന്നുണ്ട്. എന്നാൽ മതത്തിന്റെ പേരിൽ മാത്രം അവകാശം നിഷേധിക്കപ്പെട്ടവരാണ് ദലിത് ക്രൈസ്തവർ. ദലിത സമൂഹത്തിൽ നിന്നും ക്രിസ്തുമതം സ്വീകരിക്കുന്നവർക്ക് ദലിതർക്കുള്ള അവകാശം ഇല്ലാതാവുന്ന അവസ്ഥ പോലും സവർണർക്കിടയിലെ ചില ഫാഷിസ്റ്റ് സമാന ചിന്താഗതിക്കാർ സൃഷ്ടിച്ചതാണ്. ഒരാൾ ക്രിസ്ത്യാനിയായാൽ സാമ്പത്തിക സ്ഥിതി മെച്ചപ്പെടുമോ? എങ്കിൽ നാട്ടിലെ ദരിദ്രരെ മുഴുവൻ ക്രിസ്ത്യാനികളാക്കിയാൽ മതിയെന്നാണോ?

പ്രസക്തമായ ഈ ചോദ്യം ഇന്നും മറുപടി ലഭിക്കാതെ ശേഷിക്കുന്നു.

അവകാശങ്ങൾക്കൊപ്പം, ബോധപൂർവം ചിലർ സൃഷ്ടിക്കുന്ന അവഗണനയെക്കുറിച്ചും നമുക്ക് ബോധവും ബോധ്യവുമുണരണം.

**ജയ്സൺ ടി.ജോൺ**
ചീഫ് എഡിറ്റർ



ഇടയമൊഴി

# ഈ ഉണർത്തുപാട്ടിന് കാതോർക്കാം....



പ്രിയപ്പെട്ടവരെ,

ചരിത്രത്തിലെ ഏതു കാലഘട്ടം പരിശോധിച്ചാലും, അവകാശങ്ങൾക്കുവേണ്ടിയുള്ള മുറവിളികളും വിപ്ലവങ്ങളും നമുക്കുകാണാം. ഇത് രാഷ്ട്രീയമോ, വർഗീയമോ, മതപരമോ ആവാം. സമൂഹത്തെ വ്യത്യസ്തതട്ടുകളായിതിരിച്ച് തങ്ങളുടെ മാത്രം കാര്യങ്ങൾ സുഗമമായ് കൊണ്ടുപോകുന്ന ഒരു രീതി. നിറത്തിന്റെയും ജോലിയുടെയും സ്ഥലത്തിന്റെയും പേരിൽപോലും അർഹമായ ആനുകൂല്യങ്ങൾ വർഷങ്ങളായി നഷ്ടപ്പെട്ട ലത്തീൻ കത്തോലിക്കരുടെ മുറവിളികൾ കേൾക്കാൻ തുടങ്ങിയിട്ട് നാളുകൾ കുറച്ചായി.

ലത്തീൻ കത്തോലിക്കരുടെ ശക്തമായ ഇടപെടൽ തന്നെയാണ് ഇപ്പോൾ ഭരണകൂടത്തെകൊണ്ട് ഇത്രയും നാൾ ചരിത്രമെന്ന് നമ്മിൽ പലർ പോലും വിശ്വസിച്ചിരുന്ന ഒരു കാര്യത്തെക്കുറിച്ച് മറ്റൊരു തീരുമാനമെടുക്കാൻ പ്രേരിപ്പിച്ചത്. ഇതൊരു തിരുത്താണ്. യാതൊരവകാശവുമില്ലാതെ ഇത്രയുംനാൾ നേടിക്കൊണ്ടിരുന്ന ആനുകൂല്യങ്ങൾ നഷ്ടപ്പെടുമ്പോൾ വേദനയും ദേഷ്യവും സങ്കടവും നിശ്ചയം. ഉടമസ്ഥന്റെ ഉദാസീനതമൂലം അയൽവാസി സ്വന്തമെന്നപോലെ ഉപയോഗിച്ചിരുന്ന വസ്തു, വിവേകിയായ ഉടമസ്ഥന്റെ മകൻ ഒരു ദിവസം തിരികെയെടുക്കുവാൻ തീരുമാനിക്കുമ്പോൾ അപരനു തോന്നുന്ന ഒരു വികാരം.

നിനക്കറിയാമോ നിന്റെ അവകാശങ്ങൾ? ഉത്തരവാദിത്വങ്ങൾ? ഭരണഘടനയിലെ ന്യുനപക്ഷങ്ങളുടെ അവകാശങ്ങളും ആനുകൂല്യങ്ങളും നാം തിരിച്ചറിയണം. ഉപയോഗിക്കണം. എന്നാൽ ചിലപ്പോഴെങ്കിലും ഇവ തിരിച്ചറിയാൻപോലും, അവയ്ക്കുവേണ്ടി വാദിക്കാൻപോലും അറിവില്ലാതായ അവസ്ഥയിലാണ് നാം. ഉന്നതവിദ്യാഭ്യാസം നേടാൻ യുവത തീരുമാനിക്കണം. അവസരങ്ങൾ ഉപയോഗിക്കണം. നമ്മുടെ ആയിരുന്ന അവസ്ഥയെ അംഗീകരിക്കാം. അവകാശങ്ങളെ തിരിച്ചറിയാം. ലത്തീൻ സഭയിൽ അലയടിക്കുന്ന പുതിയ സംസ്കാരത്തിന്റെ ഉണർത്തുപാട്ടിന് ചെവിയോർക്കാം.

ഒത്തിരി സ്നേഹത്തോടെ,

**ടൈറ്റസച്ചൻ**.



# തിരിച്ചറിവിന്റെ കാലം



ന്യൂനപക്ഷം എന്ന വാക്ക് കൊണ്ട് അർത്ഥമാക്കുന്നത് രാജ്യത്തെ മൊത്തം സംഖ്യയുടെ പകുതിയിൽ താഴെ വരുന്ന സമുദായങ്ങളെയാണ്. ക്രൈസ്തവ സമൂഹം ഒരു ന്യൂനപക്ഷ സമുദായമാണ്.

ക്രൈസ്തവ ന്യൂനപക്ഷ സമുദായം പാർശ്വവൽക്കരിക്കപ്പെടാതിരിക്കാൻ നമ്മുടെ ഭരണഘടന ചില ആനുകൂല്യങ്ങളും അവകാശങ്ങളും നൽകിയിട്ടുണ്ട്. ഈ അവകാശങ്ങൾ ഏതൊക്കെയാണ് എന്ന് നമ്മൾ അറിയണം, അന്വേഷിക്കണം. പിന്നോക്ക സമുദായങ്ങളായ ലാറ്റിൻ, ആംഗ്ലോ ഇന്ത്യൻ തുടങ്ങിയ പരിവർത്തിത ക്രൈസ്തവർക്ക് ഇപ്പോൾ കിട്ടിക്കൊണ്ടിരിക്കുന്ന ആനുകൂല്യങ്ങളും, സംവരണവും പുതിയ ചട്ടങ്ങളിലൂടെ, നിയമനിർദ്ദേശങ്ങളിലൂടെ നഷ്ടപ്പെടുന്നുണ്ടോ എന്ന് പരിശോധിക്കേണ്ടിയിരിക്കുന്നു. ആനുകൂല്യങ്ങൾ ചില പ്രത്യേക സമുദായത്തിന് മാത്രമായി ചുരുങ്ങിപ്പോകുന്നതിന്റെ നിജസ്ഥിതി നമ്മൾ മനസ്സിലാക്കണം.

നമ്മുടെ സമുദായത്തിന്റെ ആനുകൂല്യങ്ങൾ മനസ്സിലാക്കുവാനും നേടിയെടുക്കുവാനും ഇടവകയിലെ യുവതീയുവാക്കൾ മുന്നോട്ടു വരണം. തനിക്കു ചുറ്റും നടക്കുന്ന കാര്യങ്ങളെക്കുറിച്ച് വ്യക്തമായ അവബോധം ഉണ്ടായിരിക്കണം. വസ്തുതകൾ ശരിയായും, നിഷ്പക്ഷമായും വിശകലനം ചെയ്യാനുള്ള കഴിവ് നമുക്കില്ലാതാകുന്നത് ആശങ്കാജനകമാണ്. മാധ്യമങ്ങൾ പറയുന്നത് അപ്പാടെ വിശ്വസിക്കാതെ ശരിയോ, തെറ്റോ എന്ന് തിരിച്ചറിയാനുള്ള പരിശ്രമമാണ് ഉണ്ടാകേണ്ടത്. ഇതിനായി പുതിയ അറിവുകൾ ദിനം പ്രതി സമ്പാദിക്കുകയും നമുക്ക് ചുറ്റും നടക്കുന്ന പുതിയ പുതിയ കാര്യങ്ങൾ അറിയുകയും പഠിച്ചുക്കൊണ്ടിരിക്കുകയും ചെയ്യുന്ന ശീലം നമ്മളെ സഹായിക്കും. അനീതിക്കെതിരെ പ്രതികരിക്കാനുള്ള ധൈര്യം സമ്പാദിക്കണം. പ്രതിബന്ധങ്ങൾക്ക് മുന്നിൽ നഷ്ടധൈര്യരായി മാറരുത്.

സർക്കാർ ജോലികളിലേയ്ക്കും മറ്റുള്ള മത്സര പരീക്ഷകളിലേക്കും മക്കൾ കടന്നു വരാൻ മാതാപിതാക്കൾ മുൻകൈയെടുക്കണം, പ്രോത്സാഹിപ്പിക്കണം. അർഹതയുള്ള സ്കോളർഷിപ്പ്, ധന സഹായങ്ങൾ ഒക്കെ അറിയാനും നേടാനും സഹായിക്കണം. മികച്ച കരിയർ ഗൈഡൻസ് കോച്ചിങ് ക്ലാസുകൾ ഒരുക്കണം. എന്തായി തീരണം എന്ന ലക്ഷ്യബോധം വളർത്തിയെടുക്കണം. നമ്മുടെ സമുദായത്തിന്റെ നിലനിൽപ്പിനെ ദോഷകരമായി ബാധിക്കുന്ന കാര്യങ്ങൾ തിരിച്ചറിയാനും പരിഹാരം കാണാനുമാണ് ഇനി നാം ശ്രമിക്കേണ്ടത്. നമ്മുടെ സമൂഹത്തിന്റെ ഉന്നമനമായിരിക്കണം നമ്മുടെ ലക്ഷ്യം. നമ്മുടെ അവകാശങ്ങൾ നാം അറിയണം. ക്രൈസ്തവ സാന്നിധ്യം ഒട്ടേറെ മേഖലകളിൽ കുറഞ്ഞുകൊണ്ടിരിക്കുകയാണ്. ഇനിയും ഈ അലംഭാവം തുടർന്നാൽ വരും തലമുറ ആയിരിക്കും അതിന്റെ ദൂഷ്യഫലം അനുഭവിക്കുക. നമുക്ക് പരസ്പരം കൈ കോർക്കാം, ഒരു പുതിയ നാളെയ്ക്കായി!


സ്നേഹത്തോടെ,
**ടിനു അച്ചൻ**


ഒന്നിൽ കൂടുതൽ കുടുംബാംഗങ്ങൾക്ക് ഒരേ സമയത്ത് കോവിഡ് ബാധിച്ചാൽ
വീട്ടു ജോലിയുടെ ഭാരം സ്ത്രീകളുടെ മേൽ മാത്രമാവരുത്
മുറി, ടോയ്‌ലറ്റ്, രോഗികൾ ഇടക്ക് തൊടാൻ സാധ്യത ഉള്ള സ്ഥലങ്ങൾ ബ്ലീച്ച് ഉപയോഗിച്ച് വൃത്തിയാക്കുക
വസ്ത്രം വൃത്തിയാക്കുക
പങ്കാളിത്തം
ഭക്ഷണം കമ്മ്യൂണിറ്റി കിച്ചൺ, മറ്റ് സംവിധാനങ്ങളിൽ നിന്നും എത്തിക്കുന്നതിനുള്ള വഴി സ്വീകരിക്കുക
ട്രിപ്പിൾ ലെയർ മാസ്ക് ഉപയോഗിക്കുക
ഡോക്ടറുമായി ഇടയ്ക്കിടെ സംസാരിക്കുക
അതിജീവിക്കാം ഒറ്റക്കെട്ടായ്
1


വീട്ടിൽ കോവിഡ് രോഗിയെ പരിചരിക്കുമ്പോൾ ശ്രദ്ധിക്കേണ്ടവ
• ഒരു വ്യക്തി പരിചരണം ഏറ്റെടുക്കുക
• ആവശ്യമുള്ള മരുന്ന് കൊടുക്കുക
• കുടിക്കാൻ ധാരാളം വെള്ളവും
• ജ്യൂസും നൽകുക
• പോഷകാഹാരം നൽകുക
• ശുചിത്വം പാലിക്കുക
• വാർഡ് മെമ്പർ, ആശ വർക്കർ എന്നിവരെ വിവരം അറിയിക്കുക
• ഡോക്ടർ, ആംബുലൻസ്, കോവിഡ് ഹെല്പ് ലൈൻ, സ്നേഹിതാ ഹെല്പ് ലൈൻ എന്നിവരുടെ നമ്പർ കൈവശം വയ്ക്കുക. ആവശ്യഘട്ടത്തിൽ ബന്ധപ്പെടുക.
അതിജീവിക്കാം ഒറ്റക്കെട്ടായ്
2


കോവിഡ് രോഗിക്ക് ഒറ്റയ്ക്ക് ഒരു മുറി കുടുംബത്തിൽ നൽകാൻ കഴിയില്ല എങ്കിൽ
1M
ഒരു മീറ്റർ അകലം എപ്പോഴും പാലിക്കുക
ജനാല, വാതിൽ തുറന്നിടുക
പ്രായമായവർ, ഗർഭിണികൾ, കുട്ടികൾ, മറ്റ് അസുഖക്കാർ എന്നിവർ രോഗിയുടെ അടുത്ത് പോകരുത്
വീട്ടിൽ കൂടിച്ചേരൽ ഒഴിവാക്കുക
എപ്പോഴും ധരിക്കുക രോഗി ട്രിപ്പിൾ ലെയർ മാസ്ക് കുടുംബങ്ങൾ ഡബിൾ മാസ്ക് ഇവ ആറു മണിക്കൂർ കൂടുമ്പോൾ മാറ്റുക.
അതിജീവിക്കാം ഒറ്റക്കെട്ടായ്
3


കോവിഡ് രോഗിയെ പരിചരിക്കുന്നവർ ശ്രദ്ധിക്കേണ്ടവ
• രോഗിയുടെ മുറിയിൽ പ്രവേശിക്കുന്നതിന് മുൻപ് ട്രിപ്പിൾ ലെയർ മാസ്ക് /ഡബിൾ മാസ്ക് ധരിക്കുക
• ഡിസ്പോസിബിൾ ഗ്ലൗസ് ധരിക്കുക
• മുഷിഞ്ഞ തുണികൾ കുടയരുത്
• ഗ്ലൗസ് മാറ്റിയ ശേഷം കൈ കഴുകുക.
• മുറി,ടോയ്‌ലറ്റ് എന്നിവ ബ്ലീച്ച് ഉപയോഗിച്ച് വൃത്തിയാക്കുക
അതിജീവിക്കാം ഒറ്റക്കെട്ടായ്
4


പ്രാഥമിക ലക്ഷണങ്ങൾ കണ്ടാൽ..?
• ഭയം വേണ്ട
• 90% പേർക്കും ഈ രോഗം വലിയ പ്രശ്നങ്ങൾ ഉണ്ടാക്കില്ല
• പനി ഉണ്ട് എങ്കിൽ ഭക്ഷണത്തിനു ശേഷം 6 മണിക്കൂർ ഇടവിട്ട് പാരസെറ്റമോൾ (650mg) ഗുളിക കഴിക്കുക.
• ഗുളിക കഴിച്ചിട്ടും പനി കുറയുന്നില്ല എങ്കിൽ ഡോക്ടറുടെ ഉപദേശം തേടുക.
• ഡോക്ടറുടെ നിർദേശാനുസരണം കോവിഡ് ടെസ്റ്റ് നടത്തുക.
അതിജീവിക്കാം ഒറ്റക്കെട്ടായ്
5



സാധാരണ കോവിഡ് ലക്ഷണങ്ങൾ
പനി
തലവേദന
ചെങ്കണ്ണ്
ചുമ
വയറിളക്കം
ക്ഷീണം
മണവും രുചിയും നഷ്ടപ്പെടുന്നു
അതിജീവിക്കാം ഒറ്റക്കെട്ടായ്
6

അഭിമുഖം

ലത്തീൻ സമുദായത്തിന്

# ആശങ്ക വേണ്ട

ന്യൂനപക്ഷങ്ങൾക്ക്
അനുകൂലമായി
ചരിത്ര വിധി
നേടിയെടുത്ത
അഡ്വ.ജസ്റ്റിൻ
പള്ളിവാതുക്കൽ
സ്വസ്തി യോട്
നിലപാട്
വ്യക്തമാക്കുന്നു



Adv. ജസ്റ്റിൻ
പള്ളിവാതുക്കൽ

കേരള സർക്കാരിന്റെ ന്യൂനപക്ഷ സ്കോളർഷിപ്പ് വിതരണത്തിൽ ക്രിസ്ത്യാനികൾക്ക് ജനസംഖ്യാനുപാതികമായ പരിഗണന നൽകണമെന്ന ഹൈക്കോടതി വിധി നേടാനായത് അഭിഭാഷകനും പാലക്കാട് രൂപത മതബോധന വിഭാഗം മുൻ കോ-ഓർഡിനേറ്ററുമായ ജസ്റ്റിൻ പള്ളിവാതുക്കൽ നൽകിയ ഹർജിയിൻമേലാണ്. ജനസംഖ്യാനുപാതവും സാമ്പത്തിക സ്ഥിതിയും മാനദണ്ഡമാവുമ്പോൾ, ലത്തീൻ സമുദായത്തിന് ആനുകൂല്യം കുറഞ്ഞേക്കുമെന്ന ആശങ്ക അസ്ഥാനത്താണെന്നും അഡ്വ. ജസ്റ്റിൻ, സ്വസ്തിയ്ക്കനുവദിച്ച അഭിമുഖത്തിൽ തന്റെ നയം വ്യക്തമാക്കുന്നു.

1

**ചരിത്രപരമായ ഈ വിധി സമ്പാദിക്കാൻ പ്രേരകമായതെന്താണ് ?**

ഈ ഒരു വിധി അവഗണിക്കപ്പെട്ട ഒരു സമൂഹത്തിന്റെ അവകാശ ബോധ്യങ്ങളിലേക്ക് എത്താൻ സഹായിച്ചെങ്കിൽ അത്രയും നല്ലത് എന്നേ എനിക്ക് ആദ്യമായി പറയാനുള്ളൂ. ഭരണഘടനാനുസൃതമായ ഈ വിധി സമ്പാദനത്തിലേക്കെത്താൻ പ്രേരിപ്പിച്ചത് ഞാൻ പരിചയപ്പെട്ട കുടമാളൂർ സ്വദേശിയായ, തൊഴിൽരഹിതനായ അമൽ എന്ന എംടെക്ക് വിദ്യാർഥിയുടെ സംശയമാണ്. നിയമം പഠിച്ചതിനാലാവാം അതിൽ ഭരണഘടനാപരമായ ഒരാശങ്കയുള്ളതായി എനിക്ക് തോന്നി. അങ്ങനെയാണ് രണ്ടു വർഷം ഇതിനായി ഞങ്ങൾ ഒരുമിച്ച് ഗവേഷണം നടത്തിയത്. വാസ്തവത്തിൽ അമലാണ് ഇതിനു വേണ്ടി ഏറെ അധ്വാനിച്ചതും പഠിച്ചതും.

2

**യുപിഎ സർക്കാർ നിയോഗിച്ച രജീന്ദർ സച്ചാർ കമ്മിറ്റി ശുപാർശകളെ തുടർന്നല്ലേ ഈ സ്കോളർഷിപ്പ് ലഭ്യമായത് ?**

സച്ചാർ കമ്മിറ്റി റിപ്പോർട്ട് ലോക്സഭ അംഗീകരിച്ച ഒരു രേഖയാണ്. അല്ലാതെ നിയമമല്ല. നീതിന്യായ കോടതി മുൻപാകെ അതിന് അതിന്റേതായ പരിമിതിയുണ്ട്. അതിന്റെ അടിസ്ഥാനത്തിൽ ഒരു മതത്തിനു മാത്രം ആനുകൂല്യങ്ങൾ അനുവദിക്കുന്നത് ഭരണഘടനാനുസൃതമെന്ന് കരുതാനാവില്ല. ഒരു സമുദായത്തിന്റെ അവസ്ഥ പഠിക്കാൻ നിയോഗിച്ച സമിതി. അതിൽ അവരുടെ പിന്നോക്കാവസ്ഥ പരാമർശിക്കുന്നു. അത്രമാത്രം.

3

**പാലൊളി കമ്മീഷന്റെ പ്രസക്തി ?**

സച്ചാർ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ കേരളത്തിൽ അത് എങ്ങനെ നടപ്പാക്കാം എന്നതിനാണ് പാലൊളി കമ്മിറ്റിയെ കേരള സർക്കാർ നിയോഗിച്ചത്. അതിന്റെ തുടർച്ചയായി മൈനോരിറ്റി സെൽ രൂപീകരിക്കുന്നു. ന്യൂനപക്ഷ സ്കോളർഷിപ്പ് ആ സമുദായത്തിനായി അനുവദിക്കുന്നു. തെരഞ്ഞെടുപ്പിന് തൊട്ടുമുൻപ് നാമമാത്ര പ്രാതിനിധ്യം നൽകി അതിൽ ലത്തീൻ കത്തോലിക്ക വിദ്യാർഥികളെ ഉൾപ്പെടുത്തുന്നതായി പ്രഖ്യാപിക്കുന്നു. അതാണുണ്ടായത്.

**4**

**ഹർജി ഹൈക്കോടതിയിൽ എത്തിയത് ?**

അഡ്വ. ജൂലിയൻ മുഖേനെയാണ് കേസ് ഹൈക്കോടതി മുമ്പാകെ എത്തിച്ചത്. സീനിയർ അഭിഭാഷകൻ രാജു ജോസഫാണ് ഞങ്ങളുടെ ഹർജി കുറച്ചുകൂടി നിശിതമായി, 'പിൻപോയിന്റഡാ'ക്കാൻ സഹായിച്ചത്. എത്ര തിരക്കുണ്ടെങ്കിലും ഈ കേസ് പരിഗണിക്കുമ്പോഴൊക്കെ അഡ്വ. രാജു കോടതി മുറിയിൽ എത്തിയിരുന്നു. വിധി വന്നപ്പോൾ ഞങ്ങളെ അഭിനന്ദിക്കാൻ ആദ്യമെത്തിയതും അദ്ദേഹമായിരുന്നു.

**5**

**വിധിയിൽ താൽപര്യക്കുറവുള്ളവർ അപ്പീൽ നൽകാൻ സാധ്യതയില്ലേ ?**

നാം ഉയർത്തിയ വാദം ഭരണഘടനാനിഷ്ഠമാണ് എന്ന ഉറച്ച ബോധ്യമുള്ളതു കൊണ്ട് മേൽക്കോടതി വിധിയുടെ കാര്യത്തിൽ അൽപം പോലും ആശങ്കയില്ല.

**6**

**ഈ വാദം ആദ്യം ഉയർത്തിയപ്പോൾ ആരെങ്കിലും പിന്തുണ നൽകിയിരുന്നോ ?**

ഔദ്യോഗികമായി ഒരു സമുദായസംവിധാനവും ഇതിനെ പിന്തുണയ്ക്കാൻ തയാറായിരുന്നില്ല. കുറെ നല്ല വ്യക്തികൾ രംഗത്തു വന്നു. ലത്തീൻ സമുദായാംഗങ്ങൾ മുതൽ പെന്തക്കോസ്ത്കാർ വരെ. അവർ ഇപ്പോഴും ഒപ്പമുണ്ട്.

**7**

**ലത്തീൻ സമുദായത്തിന് നിലവിലുള്ള ആനുകൂല്യം നഷ്ടമാകില്ലേ ?**

അതൊരു തെറ്റായ പ്രചരണമാണ്. മെറിറ്റും സാമ്പത്തികാവസ്ഥയും അതാണ് മാനദണ്ഡം. മെറിറ്റ് ആൻഡ് മീൻസ് എന്ന് കോടതി എടുത്തു പറയുന്നുണ്ട്. വിധി നടപ്പാക്കിയാൽ ലത്തീൻ വിഭാഗത്തിന് നിലവിൽ ലഭിക്കുന്നതിനെക്കാൾ ആനുകൂല്യങ്ങളും അവസരങ്ങളും വർധിക്കും എന്നു ഞാൻ ഉറപ്പു നൽകുന്നു.

ജയ്സൺ ടി.ജോൺ

# JUSTICE

## കേരള ലത്തീൻ കത്തോലിക്കരുടെ സാമൂഹിക സാമ്പത്തിക നിജസ്ഥിതി പഠനവും

# ജസ്റ്റിസ് ജെ. ബി. കോശി കമ്മീഷനും

**കേ**രളത്തിലെ ക്രൈസ്തവരുടെ പിന്നോക്കാവസ്ഥ പഠിക്കാൻ മുൻ സർക്കാർ നിയോഗിച്ച കമ്മീഷനാണ് ജസ്റ്റിസ് ജെ.ബി. കോശി കമ്മീഷൻ. 2020 നവംബർ 5ന് നിയമിച്ച കമ്മീഷനിൽ ബഹു. ജസ്റ്റിസ് ജെ.ബി. കോശി അദ്ധ്യക്ഷനും, ബഹു. ക്രിസ്റ്റി ഫെർണാണ്ടസ് IAS, ബഹു. ജേക്കബ് പുന്നൂസ് IAS, എന്നിവർ മെമ്പർമാരുമാണ്.

പ്രസ്തുത കമ്മീഷന്റെ പരിഗണനാ വിഷയങ്ങൾ നിശ്ചയിച്ചുത്തരവാകുന്നത് G.O. (MS) No. 32/2021/ HOME-തിരുവനന്തപുരം, 08/02/2021 പരാമർശം 05/11/2020 തീയതിയിലെ സ.ഉ.(കൈ) നം. 214/2020/ ആഭ്യന്തരം എന്ന ഉത്തരവിലൂടെയാണ്. വിദ്യാഭ്യാസം, സാമ്പത്തികം, ക്ഷേമം എന്നീ വിഷയങ്ങളാണ് പരിഗണനാ വിഷയങ്ങൾ.



### A.വിദ്യാഭ്യാസം:

**1.** ന്യൂനപക്ഷമെന്ന നിലയിൽ വിദ്യാഭ്യാസ സംബന്ധമായ വിഷയങ്ങളിൽ ക്രിസ്ത്യൻ ന്യൂനപക്ഷങ്ങൾ നേരിടുകയോ, അനുഭവിക്കുകയോ ചെയ്യുന്ന പ്രശ്നങ്ങൾ ഏതൊക്കെ?

**2.** മറ്റു ന്യനപക്ഷങ്ങൾക്ക് ലഭിക്കുന്നതോ, സർക്കാർ നൽകുന്നതോ ആയ, സഹായങ്ങളും ആനുകൂല്യങ്ങളും, താരതമ്യപ്പെടുത്തുമ്പോൾ ക്രിസ്ത്യൻ ന്യൂനപക്ഷങ്ങൾക്ക് അവയെല്ലാം ന്യായമായ രീതിയിലും, തോതിലും ലഭിക്കുന്നുണ്ടോ?

ഏതെങ്കിലും തരത്തിലുള്ള പക്ഷപാതപരമായ വിവേചനം അവർ നേരിടുന്നുണ്ടോ? ഉണ്ടെങ്കിൽ അത് ഏതൊക്കെ രീതിയിൽ? അത് എങ്ങനെ പരിഹരിക്കാം?

3. വിദ്യാഭ്യാസ മേഖലയിൽ ക്രിസ്ത്യൻ ന്യൂനപക്ഷങ്ങൾക്ക് അനുഭവപ്പെടുന്ന പ്രശ്നങ്ങൾ എന്തെല്ലാം? ഉന്നത വിദ്യാഭ്യാസ മേഖലയിൽ അവർക്ക് അർഹമായ പ്രാതിനിധ്യം ലഭിക്കുന്നുണ്ടോ? അത് എങ്ങനെ പരിഹരിക്കാം?.

**B.സാമ്പത്തികം:**

1. ക്രിസ്ത്യൻ ന്യൂനപക്ഷങ്ങളിൽ സാമ്പത്തികമായ പിന്നോക്കാവസ്ഥ നേരിടുന്നവരുണ്ടോ? അവർ ഏതൊക്കെ വിഭാഗങ്ങളിൽ പെടുന്നവരാണ്? അവർ സാമൂഹിക പിന്നോക്കാവസ്ഥ നേരിടുന്നുണ്ടോ? അവരുടെ പിന്നോക്കാവസ്ഥ സംബന്ധിച്ച വിവരങ്ങൾ എന്തൊക്കെ?

2. ഏതെങ്കിലും പ്രത്യേക വിഭാഗങ്ങൾക്ക് കൂടുതൽ കരുതലുകൾ ആവശ്യമുണ്ടോ?

3. സാമ്പത്തിക, സാമൂഹിക പിന്നോക്കാവസ്ഥ പരിഹരിക്കുന്നതിനായി വിവിധ ഏജൻസികൾക്കോ, സർക്കാരിനോ എന്തെല്ലാം ചെയ്യാൻ കഴിയും? അടിയന്തിരമായി ഏതൊക്കെ കാര്യങ്ങൾ ആണ് ചെയ്യേണ്ടത്?

**C.ക്ഷേമം:**

1. ക്രിസ്തു മതത്തിൽപെട്ട മൽസ്യതൊഴിലാളികൾ, തീരദേശവാസികൾ, മലയോര കർഷകർ, വനാതിർത്തിയോടടുത്ത് താമസിക്കുന്ന കർഷകർ, കുട്ടനാട് മുതലായ സ്ഥലങ്ങളിൽ താമസിക്കുന്ന കർഷകർ, ആദിവാസികൾ , ദളിതർ, ലത്തീൻ തുടങ്ങിയവർക്ക് പ്രത്യേകമായ ക്ഷേമപ്രവർത്തനങ്ങൾ ആവശ്യമുണ്ടോ? ഉണ്ടെങ്കിൽ ഏതെല്ലാം?

2. ദളിത് വിഭാഗങ്ങളിൽ നിന്നും, പിന്നോക്ക വിഭാഗങ്ങളിൽ നിന്നും, ക്രിസ്ത്യാനികൾ ആയവരുടെ അവസ്ഥ എന്താണ്? അവരുടെ ക്ഷേമത്തിനായി എന്തെല്ലാം പ്രവർത്തനങ്ങൾ ചെയ്യുവാൻ സാധിക്കും?

3. ക്രിസ്ത്യൻ ന്യൂനപക്ഷങ്ങൾക്ക് സർക്കാർ പൊതുമേഖലാ തലങ്ങളിൽ ജനസംഖ്യാനുപാതികമായി പ്രാതിനിധ്യം ഉണ്ടോ? ഇല്ലെങ്കിൽ അർഹമായ പ്രാതിനിധ്യം ഉറപ്പുവരുത്താൻ സ്വീകരിക്കേണ്ട നടപടികൾ എന്തെല്ലാം? ഏതെല്ലാം മേഖലകളിൽ, ഏതെല്ലാം രീതികളിൽ ക്രിസ്ത്യൻ ന്യൂനപക്ഷങ്ങൾ സർക്കാരിൽ നിന്ന് ക്ഷേമസംബന്ധമായ സഹായം അർഹിക്കുന്നു?

മേൽ പറഞ്ഞ വിഷയങ്ങളിൽ എല്ലാ വിഭാഗങ്ങളുമായി ചർച്ച നടത്തി ഒരു വർഷത്തിനകം റിപ്പോർട്ട് സമർപ്പിക്കാനാണ് സർക്കാർ കമ്മീഷനോട് ആവശ്യപ്പെട്ടിരിക്കുന്നത്.

ജസ്റ്റിസ് ജെ.ബി. കോശി കമ്മീഷനു മുമ്പാകെ കേരളത്തിലെ ലത്തീൻ കത്തോലിക്കരുടെ സാമൂഹിക, സാമ്പത്തിക, വിദ്യാഭ്യാസ നിജസ്ഥിതി പഠിച്ച് അവതരിപ്പിക്കുന്നതിനായി KRLCC യുടെ നേതൃത്വത്തിൽ 12 രൂപതകളിലുമായി വിവരശേഖരണം പൂർത്തിയായിവരുന്നു. മൂന്ന് തലത്തിലാണ് പഠനം നടത്തുന്നത്.

1. Web based Survey:

മുഴുവൻ കുടുംബങ്ങളിലും സർവ്വേ നടത്താൻ സമയം അപര്യാപ്തമായതിനാൽ KRLCC നടത്തുന്നത് Systematic Random Sample Survey ആണ്. ഇതിനായി ഓരോ രൂപതയിലെയും ഫൊറോനകളായി തരംതിരിച്ച് ഏകദേശം 20% ഇടവകകളെ ജനസംഖ്യ ക്രമത്തിൽ ശാസ്ത്രീയമായ രീതിയിൽ തെരഞ്ഞെടുക്കുന്നു. തെരഞ്ഞെടുക്കപ്പെട്ട ഇടവകകളിൽ എത്ര വീടുകൾ സർവ്വേ നടത്തണമെന്ന് സർവ്വേ മങ്കി എന്ന ആപ്ലിക്കേഷൻ വഴി ശാസ്ത്രീയമായി നിശ്ചയിക്കുന്നു. നിശ്ചയിക്കപ്പെട്ട എണ്ണം വീടുകളെ കണ്ടെത്തുന്നതിനായി Pick Interval എന്ന ശാസ്ത്രീയ രീതി ഉപയോഗിക്കുന്നു. ഈ രീതിയിൽ മഞ്ഞുമ്മൽ ഇടവകയിൽ 291 വീടുകളിൽ നിന്ന് 1085 വ്യക്തിഗത വിവരങ്ങൾ ശേഖരിച്ചു. വരാപ്പുഴ അതിരൂപതയിൽ മഞ്ഞുമ്മൽ ഇടവക ഉൾപെടെ 21 ഇടവകകളിലാണ് സർവ്വേ നടപടികൾ പൂർത്തിയായിക്കൊണ്ടിരിക്കുന്നത്.

ഈ സാമ്പിൾ സർവ്വേയിൽ പൊതുവായ വിവരങ്ങൾ, ഭവനത്തെ സംബന്ധിച്ച വിവരങ്ങൾ, ഭൗതിക സാഹചര്യങ്ങൾ, കുടുംബത്തിലെ വരുമാനം, കുടുംബത്തിലെ ബാധ്യത, സമ്പാദ്യം, ആരോഗ്യം, വ്യക്തി വിവരങ്ങൾ, തൊഴിൽ, സാമൂഹ്യ സുരക്ഷ-ക്ഷേമം, ഭരണ-രാഷ്ട്രീയ പങ്കാളിത്തം എന്നീ 11 വിഭാഗങ്ങളിലായി ഉപചോദ്യങ്ങൾ ഉൾപ്പെടെ 137 ചോദ്യങ്ങളാണ് ഉള്ളത്.

2. Focus Group Discussion:

സർവ്വേയിൽ നിന്നുരുത്തിരിഞ്ഞുവരുന്നതും പ്രത്യേകം പഠിക്കേണ്ടതുമായ പ്രധാനപ്പെട്ട വിഷയങ്ങളെ അപഗ്രഥിക്കുന്നതിനും, അതിലൂടെ നിജസ്ഥിതി കണ്ടെത്തുന്നതിനുമായി ഒരു വിദഗ്ധ സമിതി Focus Group Discussion നടത്തുന്നു.

3. Case Study:

പെട്ടിമുടി, ചെല്ലാനം, മൂലമ്പിള്ളി തുടങ്ങി വളരെ പ്രാധാന്യം അർഹിക്കുന്ന വിവിധ വിഷയങ്ങളെ പ്രത്യേകമായി പഠിക്കുന്നു.

ഈ 3 മാർഗ്ഗങ്ങളിലൂടെ ലഭിക്കുന്ന വിവരങ്ങൾ, ആഴത്തിൽ പഠിച്ച്, അപഗ്രഥിച്ച് തയാറാക്കുന്ന റിപ്പോർട്ട് KRLCC ജസ്റ്റിസ് ജെ.ബി. കോശി കമ്മീഷന് സമർപ്പിക്കും. KRLCC ക്ക് ഒപ്പം തന്നെ വിവിധ സംഘടനകൾക്കും ഇടവകകൾക്കും, വ്യക്തികൾക്കുമൊക്കെ കമ്മീഷനു മുമ്പിൽ പ്രസ്തുത വിഷയങ്ങളിൽ നിവേദനങ്ങൾ നേരിട്ടോ E-mail (**christianminoritycommision@gmail.com**) വഴിയോ സമർപ്പിക്കാവുന്നതാണ്. കമ്മീഷന്റെ വിലാസം

സെക്രട്ടറി, ജസ്റ്റിസ് ജെ. ബി. കോശി കമ്മീഷൻ രണ്ടാം നില, ഹൗസിങ്ങ് ബോർഡ് ബിൽഡിംഗ് പനമ്പിള്ളി നഗർ, കൊച്ചി-682036.

KRLCC ജനറൽ സെക്രട്ടറി ഫാ. തോമസ് തറയിൽ, വൈ. പ്രസിഡന്റ് ജോസഫ് ജൂഡ് ഉൾപ്പെടെ വിവിധ രൂപതകളിലായി നിരവധി പ്രമുഖർ പ്രസ്തുത പ്രവർത്തനങ്ങൾക്ക് നേതൃത്വം കൊടുക്കുന്നു.

**റോയി പാളയത്തിൽ,**
**കോർഡിനേറ്റർ,**
**ജസ്റ്റിസ് ജെ. ബി. കോശി കമ്മീഷൻ**


നാം അറിയുന്നോ
നമ്മുടെ
അവകാശങ്ങൾ
ഉള്ളുതുറന്ന്
അവകാശങ്ങളെക്കുറിച്ചുള്ള
അവബോധമുണരാൻ
ഇനിയുമെത്ര നാൾ?
സാമൂഹിക
പിന്നോക്കാവസ്ഥ മാറാൻ
മാനസികമായി നാം
മുന്നേറാൻ
ശീലിക്കേണ്ടതില്ലേ?
ഇടവകാംഗങ്ങളുടെ ശ്രദ്ധേയമായ വിചിന്തനങ്ങളിലൂടെ..

# ന്യൂനപക്ഷ അവകാശങ്ങൾ



റോസ്‌ലി സേവ്യർ
ഡോൺ ബോസ്കോ യൂണിറ്റ്

### ന്യൂനപക്ഷ അവകാശം - ഇന്ത്യൻ ഭരണഘടനയുടെ പശ്ചാത്തലത്തിൽ

ഇന്ത്യൻ ഭരണഘടനയുടെ പ്രിയാമ്പിൾ പ്രകാരം ഇന്ത്യ ഒരു പരമാധികാര സോഷ്യലിസ്റ്റ്, സെക്കുലർ, ഡെമോക്രാറ്റിക്, റിപ്പബ്ലിക് ആയി ഇന്ത്യൻ പൗരന്മാർ അംഗീകരിക്കുകയും, നീതി, സ്വാതന്ത്ര്യം, തുല്യത, സാഹോദര്യം എന്നിവ മുൻനിർത്തി ഈ രാജ്യത്തെ മുന്നോട്ട് കൊണ്ടു പോകുവാൻ 26/11/1949 ൽ കൂടിയ കോൺസ്റ്റിറ്റ്യൂഷൻ അസംബ്ളി തീരുമാനം എടുത്തിരുന്നു.

വിവിധ ഭാഷകൾ സംസാരിക്കുന്നവരും വിവിധ മതവിഭാഗങ്ങൾ ഇടകലർന്ന് ജീവിക്കുന്ന ഒരു ജനാധിപത്യ രാജ്യമാണ് ഇന്ത്യ. ഏറ്റവും വലിയ ജനവിഭാഗം ഹിന്ദുക്കൾ ആയതിനാൽ ഭൂരിപക്ഷം അവർക്കാണ് ലഭിക്കുക. എന്നാൽ ന്യൂനപക്ഷ സമുദായ വിഭാഗങ്ങളായ മുസ്‌ലിം, ക്രിസ്ത്യൻ, സിഖ്, ജൈന, പാർസി എന്നി വിഭാഗങ്ങൾക്ക് മൈനോരിറ്റി ആയവ ന്യൂനപക്ഷങ്ങൾ എന്ന നിലയിൽ അവരുടെ അവകാശങ്ങൾ സംരക്ഷിക്കുന്നതിനായി ഇന്ത്യൻ ഭരണഘടനയിൽ 29-ാം ആർട്ടിക്കിൾ പ്രകാരം പ്രത്യേക സംരക്ഷണം ഏർപ്പെടുത്തിയിട്ടുണ്ട്. പൗരന്മാരുടെ ഫണ്ടമെന്റൽ റൈറ്റ്സ് ഭരണഘടനയുടെ 3-ാം പാർട്ടിൽ നിബന്ധന വച്ചിരിക്കുന്നതിനാൽ ഭൂരിപക്ഷത്തിന്റെ കടന്നാക്രമണത്തിൽ നിന്നുള്ള സംരക്ഷണം ലഭിക്കുകയും ചെയ്യുന്നു.

### ന്യൂനപക്ഷ സംരക്ഷണം എപ്രകാരം നടപ്പിലാക്കാം

Article 30 പ്രകാരം ന്യൂനപക്ഷങ്ങൾക്ക് അവരുടേതായ വിദ്യാഭ്യാസ സ്ഥാപനങ്ങൾ തുടങ്ങുന്നതിനും, അവ നടത്തിക്കൊണ്ടു പോകുവാനും അവകാശം നൽകിയിരുന്നു.

### ന്യൂനപക്ഷം - എങ്ങനെ തീരുമാനിക്കാം

50% മോ, അതിൽ കൂടുതൽ അംഗങ്ങളുള്ള സമുദായങ്ങളെ ഭൂരിപക്ഷമായും, 50%ൽ താഴെ വരുന്നവരെ ഭരണഘടന പ്രകാരം ന്യൂനപക്ഷമായും കണക്കാക്കുന്നു.

### ന്യൂനപക്ഷം - പ്രത്യേക പരിഗണനയുടെ ആവശ്യകത

ന്യൂനപക്ഷങ്ങൾ 50%ൽ താഴെയായതിനാൽ ജനാധിപത്യ രീതിയിൽ സ്വന്തമായി അവരുടെ എണ്ണം വച്ചുകൊണ്ട് നിയമനിർമ്മാണമോ അവരുടെ ആവശ്യങ്ങൾക്കായി ബഡ്ജറ്റ് അലോക്കേഷൻ (allocation) നേടിയെടുക്കാനോ സാധ്യമല്ല. അതിനാൽ ഭരണഘടനയിലുള്ള സംരക്ഷണം കൊണ്ടു മാത്രമേ അവകാശങ്ങൾ നേടിയെടുക്കാൻ കഴിയൂ...

1992ൽ പാർലമെന്റ് പാസാക്കിയ നിയമപ്രകാരം ന്യൂനപക്ഷങ്ങളുടെ അവകാശ സംരക്ഷണത്തിനായി ഒരു ദേശീയ കമ്മീഷനെ നിയമിച്ചു. കേന്ദ്ര സർക്കാരിന്റെയും സംസ്ഥാന സർക്കാരിന്റെയും ന്യൂനപക്ഷ പ്രവർത്തനങ്ങൾ വിലയിരുത്തുക, പോരായ്മകൾ ചൂണ്ടിക്കാണിക്കുക, പരിഹാരം നിർദേശിക്കുക, ശുപാർശകൾ നൽകുക തുടങ്ങിയവ ഈ കമ്മീഷന്റെ ചുമതലകളാണ്. ന്യൂനപക്ഷങ്ങൾക്ക് തങ്ങളുടെ പരാതികൾ ഈ കമ്മീഷനെ അറിയിക്കാൻ അവകാശമുണ്ട്. നമ്മുടെ അറിവില്ലായ്മയോ, അശ്രദ്ധയോ കാരണം നമുക്ക് അർഹതപ്പെട്ട പല ആനുകൂല്യങ്ങളും വിനിയോഗിക്കാതെ പാഴായ് പോകുന്നത് ഖേദകരമാണ്.

## പിന്നോക്ക സമുദായ സംരക്ഷണം

ന്യൂനപക്ഷ അവകാശങ്ങൾ സംരക്ഷിക്കുക എന്നതു പോലെ തന്നെ പിന്നോക്ക സമുദായ സംരക്ഷണം എന്നതും ഭരണഘടനയിൽ വിഭാവനം ചെയ്തിട്ടുണ്ട്. ഇവ രണ്ടും പ്രത്യേക വിഭാഗങ്ങളാണ്. ലത്തീൻ കത്തോലിക്കാ സമുദായത്തിൽപ്പെടുന്ന നമ്മൾ ഒരേസമയം ന്യൂനപക്ഷ സമുദായവും എന്നാൽ പിന്നോക്ക സമുദായത്തിലും പെട്ടവരാണെന്ന് നാം മനസ്സിലാക്കേണ്ടതാണ്.

## ജസ്റ്റിസ് ജെ.ബി. കോശി കമ്മീഷൻ

കേരളത്തിലെ മത ന്യൂനപക്ഷങ്ങളുടെ യഥാർത്ഥ സ്ഥിതി പഠിക്കുന്നതിനായി 2020ൽ ജസ്റ്റിസ് ജെ.ബി. കോശി കമ്മീഷൻ ആരംഭിക്കുകയും ഇതിൽ ഡോക്ടർ ക്രിസ്റ്റി ഫെർണാണ്ടസ് IAS (Rtd) ശ്രീ. ജേക്കബ് പുന്നൂസ് IAS (Rtd) അംഗങ്ങളായി ചുമതലയേൽക്കുകയും ചെയ്തു. ലത്തീൻ കത്തോലിക്കരുടെ പരാതികളും, അതിൻെറ തെളിവുകളും ഈ കമ്മീഷനാണ് നാം നൽകേണ്ടത്. ലത്തീൻ കത്തോലിക്കരുടെ നിജസ്ഥിതി മനസ്സിലാക്കുന്നതിനായി ഒരു സാമ്പത്തിക, സാമൂഹിക, രാഷ്ട്രീയ, വിദ്യാഭ്യാസ സർവ്വേ ഇപ്പോൾ നടത്തിക്കൊണ്ടിരിക്കുന്നതിൻെറ പശ്ചാത്തലത്തിൽ ലത്തീൻ കത്തോലിക്കരായ നമ്മുടെ വരും തലമുറയ്ക്ക് സമഗ്ര വളർച്ച നേടിയെടുക്കുവാൻ സാധിക്കും എന്ന് നമുക്ക് പ്രത്യാശിക്കാം.



# അവസരങ്ങൾ നഷ്ടപ്പെടുത്തരുതേ



ജോസ് പി. ജോൺസൻ
ഏഞ്ചൽ ഗബ്രിയേൽ യൂണിറ്റ്

ന്യൂനപക്ഷ അവകാശങ്ങൾ, ന്യൂനപക്ഷ സ്കോളർഷിപ്പ്, സാമുദായിക സംവരണം തുടങ്ങിയ വിഷയങ്ങൾ വളരെ പ്രാധാന്യത്തോടെ ചർച്ചചെയ്യപ്പെടുന്ന ഈ കാലയളവിൽ, ലത്തീൻ കത്തോലിക്ക സമുദായ അംഗങ്ങൾ എന്ന നിലയിൽ നാം എന്തു ചെയ്യണം?

നിലവിൽ PSC വഴിയുള്ള സംസ്ഥാന സർക്കാർ തൊഴിൽ അവസരങ്ങളിൽ 4% സംവരണം ലത്തീൻ കത്തോലിക്ക/ ആംഗ്ലോ ഇന്ത്യൻ വിഭാഗങ്ങൾക്കായി മാറ്റിവെച്ചിരിക്കുന്നു. നമ്മുടെ സമുദായത്തിൽ പഠനത്തിനുശേഷം അനേകം ചെറുപ്പക്കാർ തൊഴിൽ രഹിതരായി നിൽക്കുന്ന ഈ സാഹചര്യത്തിലും, മേൽപറഞ്ഞ കമ്യൂണിറ്റി ക്വോട്ട തികയ്ക്കുവാൻ നമ്മുടെ ഉദ്യോഗാർത്ഥികൾക്ക് ആകുന്നില്ല എന്ന സത്യം വളരെ വേദനിപ്പിക്കുന്നതാണ്. നമ്മുടെ യുവതീ യുവാക്കൻമാർ ഈ അവസരങ്ങളെ പറ്റി ബോധവാന്മാരാകണം. അതിരൂപതാ തലത്തിലും, ഇടവക തലത്തിലും മറ്റും നടത്തപ്പെടുന്ന PSC കോച്ചിങ്ങിന്റെയും, മറ്റു പരിശീലനങ്ങളിലൂടെയും സാധ്യതകൾ പരമാവധി ഉപയോഗിക്കണം. ഇതിന് മാതാപിതാക്കൾ പഠനകാലത്ത് തന്നെ അവരെ പ്രേരിപ്പിക്കണം.

അതിരൂപതാ തലത്തിലും ഇടവകയിലും മറ്റും നടത്തപ്പെടുന്ന കരിയർ ഗൈഡൻസ്, നേതൃത്വപരിശീലന ക്ലാസ്സുകളിൽ മക്കളെ പങ്കെടുപ്പിക്കാൻ മാതാപിതാക്കൾ താല്പര്യം കാണിക്കണം. അതുവഴി നിലവിലുള്ള സാധ്യതകളെയും, പുതിയ തൊഴിൽ അവസരങ്ങളെയും പരിചയപ്പെടാനും, നല്ലൊരു കരിയർ തെരഞ്ഞെടുക്കാനും കുട്ടികൾക്ക് സാധിക്കും.

സ്കൂൾ പഠനം, ഉപരി പഠനം എന്നീ മേഖലകളിൽ നമ്മുടെ സമുദായാംഗങ്ങൾ ഉപയോഗപ്പെടുത്താതെ പോകുന്ന വിവിധ സ്കോളർഷിപ്പുകളും, ആനുകൂല്യങ്ങളും മനസ്സിലാക്കി അതുപയോഗപ്പെടുത്താൻ ശ്രമിക്കണം. അതിനു മാതാപിതാക്കളെ സഹായിക്കാൻ ഉള്ള ശക്തമായ സംവിധാനം ഇടവക തലത്തിൽ ഉണ്ടാവണം. പഠനം നടത്തുന്ന സ്ഥാപനത്തിലെ ഉന്നത അധികാരി വഴി അപേക്ഷിക്കേണ്ട ആനുകൂല്യങ്ങൾ നഷ്ടപ്പെടുത്താതെ നോക്കണം. നവദർശൻ വിദ്യാഭ്യാസ നിധി, ഇടവക വിദ്യാഭ്യാസ നിധി പോലുള്ള സാധ്യതകൾ ഇടവകാംഗങ്ങൾ ഫലപ്രദമായി ഉപയോഗിക്കണം.

നമ്മുടെ ഫാമിലി യൂണിറ്റ് മീറ്റിംഗുകൾ പൂർണ്ണമായ പ്രാർത്ഥനായോഗങ്ങൾ ആക്കാതെ അവിടെ ഇങ്ങനെയുള്ള സാമുദായിക വികസനവിഷയങ്ങൾ ചർച്ച ചെയ്യണം. അതിന് നമ്മുടെ ഇടവകയിലുള്ള റിസോഴ്സ് പേർസൻസിന്റെ സേവനം ഫലപ്രദമായി ഉപയോഗിക്കണം. യൂണിറ്റിലെ കുടുംബങ്ങളെ ഈ വിഷയങ്ങളിൽ ബോധവാന്മാരാക്കണം. യൂണിറ്റിലെ വിദ്യാഭ്യാസ സാമൂഹിക കോർഡിനേറ്റർമാർ കേന്ദ്രസമിതിയുമായി ചേർന്ന് മേൽ പറഞ്ഞ കാര്യങ്ങൾക്ക് ഫോളോ അപ്പ് നല്കാൻ ശ്രമിക്കണം.

ലഭിച്ച അവസരങ്ങൾ ഫലപ്രദമായി ഉപയോഗിച്ച് മറ്റു പല സമുദായങ്ങളും മുന്നേറി. ഇനിയും നമ്മൾ മടിച്ചിരുന്നാൽ സംഭവിക്കുന്ന സാമൂഹിക അസന്തുലിതാവസ്ഥയ്ക്ക് നാം മാത്രം ആയിരിക്കും ഉത്തരവാദികൾ.





## എനിക്ക് ലഭിക്കേണ്ട അവകാശങ്ങൾ

ആഷ്‌ലി അഭിലാഷ്
അമലാംബിക യൂണിറ്റ്

**കേ**രളത്തിൽ 45.27 % വരുന്ന പിന്നോക്ക സമുദായത്തിന്റെ 40.60% പേരും ലത്തീൻ കത്തോലിക്കരാണ്. നമ്മുടെ സമുദായം ഉൾപ്പെടുന്ന 80:20 സംവരണ അനുപാതം നേടിയെടുക്കാൻ നാം പലപ്പോഴും മറന്നു പോകുന്നു. അല്ലെങ്കിൽ ഇത്തരം ആനുകൂല്യങ്ങളെക്കുറിച്ചും അവകാശങ്ങളെ കുറിച്ചും നാം അജ്ഞരാണ് എന്നതാണ് വാസ്തവം. വിദ്യാഭ്യാസ രംഗത്ത് നിരവധി സംവരണങ്ങളും സ്കോളർഷിപ്പുകളും ഉണ്ടെന്നിരിക്കേ, യഥാസമയം അവ നേടിയെടുക്കാൻ നാം ശ്രമിക്കുന്നുണ്ടോ എന്നത് സംശയമാണ്. കർമ്മലീത്ത വൈദീകർ നമ്മുടെ ലത്തീൻ സമുദായത്തിലെ ആൺകുട്ടികൾക്കായി നടത്തിവരുന്ന CASE പോലുള്ള നൈപുണ്യ വികസന ക്ലാസുകൾ പ്രശംസനീയമാണ്. ആരോഗ്യം, വ്യവസായം തുടങ്ങി മറ്റ് പല മേഖലയിലും ഇത്തരം സംവരണങ്ങൾ മികച്ച തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നുമുണ്ട്.

എന്റെ അഭിപ്രായത്തിൽ ഇടവക തലത്തിലും നവദർശൻ പോലുള്ള അതിരൂപതാ സംരഭങ്ങളിലും നമുക്ക് ഉള്ള ഈ സംവരണങ്ങൾ വാർത്തകളും വിവരങ്ങളും online ആയി നമ്മിലേക്കെത്തിക്കാൻ ഒരു അവസരമൊരുങ്ങണം. അതൊരു പുതിയ തുടക്കം തന്നെയാകും. ലത്തീൻ സമുദായത്തിന്റെ വളർച്ചയിൽ ഒരു നാഴികക്കല്ലും.





സ്വർണ്ണ തോമസ്
മരിയാംബിക യുണിറ്റ്

## ‘സംവരണം അവകാശമാണെങ്കിൽ, അത് ഉപയോഗപ്പെടുത്തുക എന്നത് നമ്മുടെ കടമയാണ്!’

ഒരു ലത്തീൻ സമുദായ അംഗം എന്ന നിലയിൽ ആദ്യം നമ്മൾ നമ്മോട് ചോദിക്കേണ്ടതും ചിന്തിക്കേണ്ടതും, എന്റെ അവകാശങ്ങൾ ഞാൻ കൃത്യമായി ഉപയോഗിച്ചിട്ടുണ്ടോ എന്നുള്ളതാണ്. ന്യൂനപക്ഷക്കാർക്ക് വേണ്ടിയുള്ള കോച്ചിംഗ് ക്ലാസുകളും, പല തരം സ്കോളർഷിപ്പുകളും ഉണ്ടായിരിക്കെ നയാപൈസ നഷ്ടമില്ലാഞ്ഞിട്ട് പോലും, ഇങ്ങോട്ട് പൈസ ലഭ്യമാക്കാൻ കഴിയുന്ന പല അവസരങ്ങളും നാം ഒന്ന് അപ്ലൈ പോലും ചെയ്യാതെ നമ്മുടെ അവസരങ്ങൾ നമ്മളായിട്ട് നഷ്ടപ്പെടുത്തിയതിനാലാണ് സംവരണത്തിൽ 80:20 എന്ന അനുപാതം വരാൻ ഇടയായത് പോലും.

എന്തുകൊണ്ടാണ് നമ്മുടെ ലത്തീൻ സമുദായം പിന്നോട്ട് നിൽക്കുന്നതെന്ന് പലപ്പോളും ഞാൻ ചിന്തിച്ചിട്ടുണ്ട്. നമ്മളിൽ ഭൂരിപക്ഷം ആളുകളും ഡിഗ്രി എങ്ങിനെയെങ്കിലും കഴിഞ്ഞു ഒരു നല്ല ശമ്പളം കിട്ടുന്ന ജോലി ആഗ്രഹിക്കുന്നവരാണ്. അതിനു വേണ്ടി ഉടൻ എവിടെയെങ്കിലും താത്കാലികമായി എക്സ്പീരിയൻസിനു വേണ്ടി കയറുന്നു, അതിന്റെ ഇടയിൽ പ്രൈവറ്റ് ആയി P.G എഴുതിയെടുക്കുന്നു, നാട്ടിലോ വിദേശത്തേക്കോ ജോലിക്കായി പോകുന്നു. അവിടെ ഒരിക്കൽ പോലും നമ്മുടെ കുടുംബത്തിന്റെ ഉന്നമനം അല്ലാതെ സമുദായത്തിന്റെ ഉന്നമനം ആരും നോക്കുന്നില്ല. നാം ആയിരിക്കുന്ന സമുദായത്തിന്റെ നിലനില്പും ഭാവിയും ഇന്നിന്റെ നമ്മളിൽ തന്നെ ആണെന്നുള്ള കാര്യം നാം പലപ്പോഴായി മറന്നുപോകുന്നു. ലത്തീൻ സമുദായം ഇത്രയും പടർന്നു കിടക്കുന്ന ഈ കേരളത്തിൽ, സമൂഹത്തിന്റെ മേൽനോട്ടം വഹിക്കുന്ന മുഖ്യസ്ഥാന പദവികളിൽ എത്ര പേർക്ക് എത്തിച്ചേരുവാൻ ലത്തീൻ സമുദായ അംഗങ്ങൾക്കു സാധിച്ചു?

സംവരണം കുറവായിരുന്നെങ്കിൽ പോലും, പല അവസരങ്ങളിലും നമ്മുടെ ആളുകൾ താല്പര്യപ്പെടാത്തതോ ഉപയോഗപ്പെടുത്താത്തതോ കൊണ്ട് നമ്മുടെ അവസരങ്ങൾ മറ്റു പിന്നോക്ക സമുദായ അംഗങ്ങൾ പ്രയോജനപ്പെടുത്തി. പുതിയ കോടതി വിധി പുനപരിശോധന നടത്താനിരിക്കെ, ഇന്ത്യൻ ഭരണഘടന പ്രകാരം നമ്മുക്ക് ഇപ്പോൾ കിട്ടിയിരിക്കുന്ന സംവരണത്തിനുള്ള തുല്യാവകാശം, ഈ രീതിയിൽ നാം തുടരുകയാണെങ്കിൽ, അവകാശം പറയാനുള്ള യോഗ്യത പോലും ഒരുപക്ഷെ ഭാവിയിൽ നമുക്ക് നഷ്ടപ്പെട്ടേക്കാം. അതുകൊണ്ട് ഈ അവകാശം



വേണ്ട രീതിയിൽ ഉപയോഗപ്പെടുത്തേണ്ടത് എന്റെയും നമ്മൾ ഓരോരുത്തരുടെയും അവകാശമാണ്, കടമയാണ്. പ്രത്യേകിച്ച് മാതാപിതാക്കൾ കുട്ടികളെ ന്യൂനപക്ഷ വിഭാഗത്തിൽ പെട്ടവർക്ക് ഉള്ള ക്ലാസ്സുകളും മറ്റു ആനുകൂല്യങ്ങളും കരസ്ഥമാക്കി, 'എങ്ങിനെയെങ്കിലുമൊരു ജോലി' എന്നതിൽ നിന്നും 'സമൂഹത്തിന്റെ മുൻനിരയിലേക്ക് എത്തിക്കാൻ' അവരെ കൂടുതലായി പ്രോത്സാഹിപ്പിക്കണം. അതിനായി സമുദായം വേണ്ട രീതിയിൽ ഉള്ള അവബോധനവും, പരിശീലന കളരികളും ആളുകളിൽ കൃത്യമായി എത്തിക്കുകയും അത് പ്രായോഗികമാക്കുകയും ചെയ്താൽ നമ്മുടെ ലത്തീൻ സഭയ്ക്കും സമൂഹത്തിനും അഭിമാനമായി, ശബ്ദമായി, പ്രചോദനമായി നല്ല ഒരു നാളേയുടെ യുവതലമുറയെ വാർത്തെടുക്കാം.



# ഇന്ത്യയിലെ ന്യൂനപക്ഷങ്ങൾ



ഡിനി ലില്ലി കെ.ജെ
ഹോളി ഫാമിലി യൂണിറ്റ്

ഇന്ത്യയിലെ ന്യൂനപക്ഷമെന്ന അംഗീകരിക്കപ്പെട്ട മതവിഭാഗങ്ങളാണ് മുസ്‌ലിമുകൾ, ക്രിസ്ത്യാനികൾ, സിക്കുമതക്കാർ, ബുദ്ധമതക്കാർ, ജൈനമതക്കാർ, പാഴ്സികൾ. ഇവരുടെ ക്ഷേമവും സംരക്ഷണവും ഉറപ്പുവരുത്താൻ ഭരണഘടന പ്രത്യേക അവകാശങ്ങളും ആനുകൂല്യങ്ങളും നൽകിയിരിക്കുന്നു. ഈ അവകാശങ്ങളെല്ലാം നമ്മൾ അനുഭവിച്ച് ആസ്വദിക്കുന്നുണ്ടോ എന്ന് ചോദിച്ചാൽ ഉത്തരം ഇല്ല എന്നാണ്. ആധുനികലോകത്തിൽ ഈ മേഖലയിൽ സഹായകമാകാവുന്ന ചില വെബ്സൈറ്റ് വിലാസങ്ങൾ താഴെ നൽകുന്നു.

ആവശ്യാനുസരണം ഇതിലൂടെ ഒന്നു സഞ്ചരിച്ചാൽ നമുക്ക് ലഭിക്കുന്ന നിരവധിയായ ആനുകൂല്യങ്ങൾ മനസ്സിലാക്കാനും, നേടിയെടുക്കുവാനും നമുക്ക് കഴിയും.

1. India Government : Ministry of Minority Affairs — www.minorityaffairs.gov.in
2. India Government : Ministry of Social Justice and Empowerment — wvvw.socialjustice.nicin
3. National Commission for Minorities : — www.ncm.nic.in
4. National Commission for Minority Educational lnstittutions — www.ncmei.gov.in
5. National Minority Development Finance Corporation — www.nmdfc.org
6. Kerala : Directorate of Minority Welfare — www.minoritywelfare.kerala.gov.in
7. Kerala State Commission for Minorities — www.kscminorites.org
8. Kerala State Minority Development Finance Corporation — www.ksmdfc.org
9. Kerala State Backward Classes Development Corporation — www.ksbcdc.com
10. Kerala State Commission for Backward Classes — www.kscbc.kerala.gov.in
11. Madrassa Teachers Welfare Fund — www.mtwfs.kerala.gov.in
12. Maulana Azad Educational Foundation — www.maef.nic.in
13. Kerala State Development Corporation for Christian Converts — www.ccandrc.com
14. National Backward Classes Finance Development Corporation — www.nbcfdc.gov.in
15. National Scholarship Portal — https://scholarships.gov.in>homepage
16. Post Matric Scholarship Scheme / Ministry of Minority Affairs/ Government of India — www.minorityaffairs.govin>schemes

## ഇടവക വാർത്തകൾ

### നീന്തലിൽ പുതിയ താരോദയം

ആലുവ മണപ്പുറം വല്ലശ്ശേരിയിൽ സ്വിമ്മിങ് ക്ലബ് നടത്തിയ റിവർ ക്രോസിൽ വിജയകരമായി നീന്തിക്കയറിയ നമ്മുടെ ഇടവക അംഗമായ 9 വയസ്സുള്ള ഫ്രാൻസിസ് ഷോബിൻ വിമലാംബിക-എ കുടുംബയൂണിറ്റ് കോയ്മക്കാട് ഷോബിന്റെയും നീനയുടെയും മകനാണ്.



ഫ്രാൻസിസ് ഷോബിൻ

### ഓൺലൈൻ ദിവ്യബലി

കോവിഡ് വ്യാപനം കൂടിയതുമൂലം മെയ് 1 മുതൽ ജനരഹിത ദിവ്യബലി എല്ലാ ദിവസവും രാവിലെ 6 മണിക്ക് ഓൺലൈൻ ആയി നടത്തിപ്പോരുന്നു.

### ഉപവാസ പ്രാർഥനാദിനം

'മഹാവ്യാധിയിൽ നിന്ന് സൗഖ്യത്തിനായി' മെയ് 7 വെള്ളിയാഴ്ച ഭാരതീയ കത്തോലിക്ക സഭ ഉപവാസ പ്രാർത്ഥനദിനമായി ആചരിച്ചു. അന്നെ ദിവസം രാത്രി 7 മണിക്കുള്ള ദിവ്യകാരുണ്യ ആരാധനയിൽ ഓൺലൈൻ ആയി വിശ്വാസികൾ പങ്കെടുത്തു.

### സുവിശേഷ ജപമാല

മെയ് 8 ശനിയാഴ്ച മുതൽ മെയ് 31 വരെ രാത്രി 7:30ന് മാതാവിന്റെ മാദ്ധ്യസ്ഥം അപേക്ഷിച്ചുകൊണ്ടുള്ള ജപമാലയിൽ ഓൺലൈൻ വഴി എല്ലാ ഇടവക മക്കളും പങ്കുചേർന്നു.

### ഭക്ഷ്യവസ്തു വിതരണവുമായി പെന്തക്കുസ്താ തിരുനാൾ

കോവിഡ് കാല സമാശ്വാസത്തിന്റെ ഭാഗമായി ഇടവകയിലെ അർഹരായ എല്ലാ കുടുംബങ്ങൾക്കും ഭക്ഷ്യ കിറ്റ് വിതരണം ചെയ്തു തുടങ്ങി. പെന്തക്കുസ്താ തിരുനാൾ ദിനമായ മെയ് 23 ന് രാവിലെ 9 ന് വിതരണത്തിന് ഔപചാരികമായി തുടക്കം കുറിച്ചു. ഏഴിനം ഭക്ഷ്യവസ്തുക്കൾ അടങ്ങിയ കിറ്റ് 355 കുടുംബങ്ങൾക്ക് യൂണിറ്റ് ഭാരവാഹികൾ വഴി ഇതിനകം വിതരണം ചെയ്തു. സംരംഭവുമായി സഹായിച്ച എല്ലാവരെയും നന്ദിയോടെ ഓർക്കുന്നതായി കേന്ദ്ര സമിതി അറിയിച്ചു.



ഭക്ഷ്യ കിറ്റ് വിതരണം ചെയ്യുന്നു

### സർവേ പൂർത്തിയായി

KRLCCയുടെ നിർദ്ദേശപ്രകാരം ഇടവകയിൽ നടന്ന സാമൂഹിക സാമ്പത്തിക നിജസ്ഥിതി പഠന സർവ്വേ പൂർത്തിയായി. ഡിനോ ഡേവിഡിന്റെ നേതൃത്വത്തിൽ

**കോവിഡ് സുരക്ഷാ മാനദണ്ഡപ്രകാരം ഇടവക ഓഫീസിൽ പ്രവർത്തനം തിങ്കൾ, ബുധൻ, വെള്ളി ദിവസങ്ങളിൽ 9:30 രാവിലെ മുതൽ ഉച്ചക്ക് 12:30 വരെയാക്കി പരിമിതപ്പെടുത്തി.**

മതബോധന വിഭാഗവും യൂത്ത് വിങ്ങും ചേർന്ന് മേയ് 16 മുതൽ 31 വരെ നടത്തിയ സർവേയിൽ 291 കുടുംബങ്ങളിൽ നിന്നായി 1085 പേർ പങ്കാളികളായി.

## പ്രാർഥനാഞ്ജലി

മെയ് 29ന് കർത്താവിൽ നിദ്ര പ്രാപിച്ച നമ്മുടെ മുൻ സഹവികാരി റവ. ഫാ. മാത്യു കുമ്പളത്തുംപറമ്പിൽ OCDക്ക് മഞ്ഞുമ്മൽ ഇടവകയുടെ ആദരാഞ്ജലികൾ.

## ദിവ്യകാരുണ്യ തിരുനാൾ

പരിശുദ്ധ ദിവ്യകാരുണ്യ തിരുനാൾ കോവിഡ് മാനദണ്ഡങ്ങൾ പാലിച്ചു കൊണ്ട് ജൂൺ ആറിന് ആഘോഷിച്ചു. ദിവ്യബലിക്ക് ശേഷം വൈദികൻ പ്രധാനകവാടത്തിൽ വന്ന് ഇടവകയെ മുഴുവൻ ആശീർവദിച്ചു. ഈ ദിനത്തിൽ തന്നെ മതബോധന അധ്യായന വർഷത്തിന്റെ ഔദ്യോഗിക ഉദ്ഘാടനം നടന്നു.



മതബോധന അധ്യായന വർഷത്തിന്റെ ഔദ്യോഗിക ഉദ്ഘാടനം

## പരേതർക്കായി ദിവ്യബലി

ഇടവകയിൽ നിന്നും മരിച്ചു പോയ എല്ലാ ആത്മാക്കൾക്കും വേണ്ടി മെയ് 30ന് രാത്രി ഏഴിന് ദിവ്യബലി അർപ്പിച്ചു. ഇടവകാംഗങ്ങൾ ഓൺലൈനായി പങ്കു ചേർന്നു.



പരിശുദ്ധ ദിവ്യകാരുണ്യ തിരുനാൾ ദിനത്തിൽ വികാരിയച്ചൻ ഇടവകയെ മുഴുവൻ ആശീർവദിക്കുന്നു.

## വി. അന്തോണീസിന്റെ തിരുനാൾ

ജൂൺ 11, 12, 13 തീയതികളിൽ വി. അന്തോണീസിന്റെ തിരുനാൾ കോവിഡ് മാനദണ്ഡങ്ങൾ പാലിച്ചുകൊണ്ട് സാഘോഷം കൊണ്ടാടി.

## ഞായർ ദിവ്യബലി

ജൂൺ 20 ഞായറാഴ്ച മുതൽ എല്ലാ ഞായറാഴ്ചകളിലും 6 മണിക്കും 9 മണിക്കും വൈകിട്ട് 4 മണിക്കും ഇടവക ദേവാലയത്തിൽ ദിവ്യബലി ഉണ്ടായിരിക്കുന്നതാണ്.

## ജനസഹിത ദിവ്യബലി

ജൂൺ 24 വ്യാഴാഴ്ച മുതൽ ദേവാലയത്തിൽ 15 പേരെ ഉൾപ്പെടുത്തി ദിവ്യബലി ആരംഭിച്ചു. കോവിഡ് മാനദണ്ഡങ്ങൾ പാലിച്ചുകൊണ്ട് ഓരോ യൂണിറ്റിൽ നിന്നും നിശ്ചയിച്ചിരിക്കുന്ന ദിവസം

10 പേരെയാണ് ഉൾപ്പെടുത്തിയിരിക്കുന്നത്.

## ടിനു അച്ചന് യാത്രയയപ്പ്

ജൂൺ 27 ഞായറാഴ്ച രാവിലെ 6 മണിക്കുള്ള ദിവ്യബലിക്ക് ശേഷം കോവിഡ് മാനദണ്ഡങ്ങൾ പാലിച്ചുകൊണ്ട് 15 പേരെ ഉൾപ്പെടുത്തി ബഹു. ടിനു അച്ചന് വികാരി ടൈറ്റസ് അച്ചനും കേന്ദ്രസമിതി ലീഡർ വർഗീസ് പുളിക്കനും ചേർന്ന് ഇടവകയ്ക്ക് വേണ്ടി ഉപഹാരം നൽകി.

## സഹവികാരിക്ക് സ്വീകരണം

പുതിയ സഹവികാരി ജിസൻ അച്ചന് വികാരി ടൈറ്റസ് അച്ചനും കേന്ദ്രസമിതി സെക്രട്ടറി നിഷ ഷൈജുവും ബൊക്കെ നൽകി ഇടവകയിലേക്ക് സ്വീകരിച്ചു.

## പഠന സഹായ വിതരണം

കോവിഡുമായി ബന്ധപ്പെട്ട് ഇടവകയിലെ മതബോധന വിദ്യാർത്ഥികൾക്ക് കൈത്താങ്ങായി പേനയും നോട്ട്ബുക്കും കേന്ദ്രസമിതി വഴി വികാരിയച്ചനിൽ നിന്ന് ദേവാലയത്തിൽ വച്ച് മതാദ്ധ്യാപകർ ഏറ്റുവാങ്ങി വിദ്യാർത്ഥികളിലേക്ക് എത്തിച്ചു കൊടുത്തു.



മതബോധന വിദ്യാർത്ഥികൾക്കുള്ള പേനയും നോട്ട്ബുക്കും വികാരിയച്ചനിൽ നിന്ന് മതാദ്ധ്യാപകർ ഏറ്റുവാങ്ങുന്നു.



ബഹു. ടിനു അച്ചന് വികാരി ടൈറ്റസ് അച്ചൻ ഇടവകയ്ക്ക് വേണ്ടി ഉപഹാരം നൽകുന്നു.



പുതിയ സഹവികാരി ജിസൻ അച്ചന് വികാരി ടൈറ്റസ് അച്ചൻ ബൊക്കെ നൽകി സ്വീകരിക്കുന്നു.

## കർമലമാതാവിന്റെ തിരുനാൾ

കർമലമാതാവിന്റെ തിരുനാൾ ആഘോഷങ്ങൾക്ക് ജൂലൈ 15 ന് വൈകിട്ട് സായാഹ്ന പ്രാർഥനയോടെ തുടക്കമായി. തുടർന്ന് 16 ന് രാവിലെ ആറിന് ആഘോഷമായ തിരുനാൾ ദിവ്യബലി അർപ്പിച്ചു.



കർമലമാതാവിന്റെ തിരുനാൾ ദിവ്യബലി

*സ്വസ്തിയിലേക്കുള്ള നിങ്ങളുടെ രചനകളും പരസ്യങ്ങളും*
**swasthieditorial@gmail.com**
*എന്ന e-mail ലേക്ക് അയക്കുന്നതിന് താല്പര്യപ്പെടുന്നു.*




# അനുസരണത്തിന്റെ മാതൃകയായ യൗസേപ്പ്

വിലയേറിയ ഒരു മൂല്യമാണ് അനുസരണം. സ്വന്തം ഇഷ്ടത്തെ മാറ്റിനിറുത്തി, മറ്റൊരാളുടെ ഇഷ്ടത്തിന് കീഴ്‌വഴങ്ങാൻ ദൈവകൃപ കൂടിയെ തീരൂ. വി.മത്തായി സുവിശേഷകൻ രേഖപ്പെടുത്തിയിരിക്കുന്നത് ഇങ്ങനെയാണ് "ജോസഫ് നിദ്രയിൽ നിന്ന് ഉണർന്ന് കർത്താവിന്റെ ദൂതൻ കൽപ്പിച്ചതുപോലെ പ്രവർത്തിച്ചു."(മത്താ. 1:24). അനുസരണം സാധ്യമാകുന്നത് ആഴമുള്ള വിശ്വാസം ഉള്ളപ്പോഴാണ്. നാം വിശ്വാസം അർപ്പിക്കുന്നവരെ നമുക്ക് അനുസരിക്കാനാകും. യൗസേപ്പ് ദൈവത്തിലർപ്പിച്ച വിശ്വാസം വളരെ ഉന്നതമായിരുന്നു. അതിനാൽ, ചോദ്യം ചെയ്യാതെ ദൈവത്തിന്റെ വാക്കുകളെ അനുസരിക്കാൻ കഴിഞ്ഞു.

ആദിമാതാപിതാക്കൾക്ക് ദൈവം എല്ലാം നൽകിയിരുന്നു, പറുദീസയിൽ. എല്ലാ ഫലങ്ങളും സന്തോഷത്തോടെ ആസ്വദിക്കണമെങ്കിൽ ഒരു ഫലം മാത്രം ഭക്ഷിക്കരുത്. അതു ഭക്ഷിച്ചാൽ നിങ്ങൾ മരിക്കും. എന്നാൽ ആദിമാതാപിതാക്കൾ ദൈവത്തിനോട് അനുസരണക്കേട് കാണിച്ച് ആ ഫലം ഭക്ഷിക്കുകയും, പറുദീസയിൽ നിന്ന് പുറം തള്ളപ്പെടുകയും ചെയ്തു. ആദിമാതാപിതാക്കൾ അവിശ്വസിച്ചു. ഈശോയുടെ മാതാപിതാക്കൾ വിശ്വസിച്ചു.

ദൈവ കൽപനകൾ പാലിക്കുന്നതിൽ നിഷ്ഠയുള്ള ഹൃദയം ജോസഫിനുണ്ടായിരുന്നു. അതുകൊണ്ടാണല്ലോ നിദ്രയിൽ കിട്ടുന്ന സന്ദേശങ്ങളെ അനുസരിക്കാൻ കഴിഞ്ഞത്. നമ്മുടെ ചുറ്റുപാടും നിന്ന് ശ്രവിക്കുന്ന



ശബ്ദങ്ങളിൽ പലപ്പോഴും ദൈവത്തിന്റെ സ്വരം നാം തിരിച്ചറിയാറില്ല. ഈ ലോകത്തിന്റെ നൈമിഷിക സുഖങ്ങളുടെ പുറകെ ഓടി, ദൈവത്തിന് നമ്മെക്കുറിച്ചുള്ള പദ്ധതി നാം തിരിച്ചറിയാറില്ല. അതിനാൽ, നാം നമുക്ക് ഇഷ്ടമുള്ളത് ശ്രവിക്കുന്നു, ഇഷ്ടമുള്ളത് ചെയ്യുന്നു. എന്നാൽ, യൗസേപ്പ് ഇവിടെ വ്യത്യസ്തനാകുകയാണ്. നാലു പ്രാവശ്യം ദൈവദൂതരിലൂടെ ദൈവം യൗസേപ്പിനോടു സംസാരിച്ചതായി കാണുന്നു (മത്താ. 1:20, 2:13, 19, 22). മറിയത്തെ ഭാര്യയായി സ്വീകരിക്കാൻ പറഞ്ഞുകൊണ്ട്, ഈജിപ്തിലേക്ക് കുഞ്ഞിനെയും അമ്മയെയും കൂട്ടി ഓടി രക്ഷപ്പെടാൻ നിർദേശിച്ചു കൊണ്ട്, ഇസ്രായേലിലേക്ക് മടങ്ങിവരാൻ കല്പിച്ചു കൊണ്ട് ,നസ്രത്തിൽ ചെന്ന് പാർക്കാൻ ആഹ്വാനം ചെയ്തു കൊണ്ട്, ബുദ്ധിക്ക് മനസിലാക്കാൻ പോലും പറ്റാത്ത കാര്യങ്ങൾ വി. യൗസേപ്പ് ഹൃദയത്തിൽ സ്വീകരിച്ചു. അനുസരണം സ്നേഹപൂർവ്വകരമായ കീഴ്വഴക്കങ്ങൾ അല്ലാതെ മറ്റെന്താണ്. അതിലൂടെ മാത്രമേ ദൈവത്തിന്റെ സ്വന്തമാകാൻ കഴിയു.



ദൈവിക നിയമങ്ങളും, സഭയുടെ പ്രമാണങ്ങളും എല്ലാം സ്വാതന്ത്ര്യത്തെ ചൊല്ലി തട്ടിമാറ്റുന്ന ഈ കാലത്ത് യൗസേപ്പിൽ നമുക്ക് അഭയം പ്രാപിക്കാം. യൗസേപ്പ് നല്ലൊരു അപ്പനായിരുന്നു, അനുസരണയുള്ള അപ്പൻ. യേശു ദൈവത്തെ പിതാവെന്നു വിളിക്കുവാനും, അനുസരണയോടെ ശരണം ഗമിപ്പാനും കഴിഞ്ഞെങ്കിൽ അത് യൗസേപ്പിൽ നിന്ന് പഠിച്ചവയാണ്. നമ്മുടെ ജീവിതത്തിൽ അനുസരണം എന്ന പുണ്യം വളരാൻ യൗസേപ്പിന്റെ മാദ്ധ്യസ്ഥം നമുക്ക് നേടാം.

**ഫാ. ടിനു ആന്റണി ഒ.സി.ഡി**



പാവങ്ങളുടെ പക്ഷംചേർന്ന്
അനീതിക്കെതിരായും
അവരുടെ മനുഷ്യാവകാശങ്ങൾ
സംരക്ഷിക്കുന്നതിനും വേണ്ടി
പോരാടി ജീവത്യാഗം
ചെയ്ത ഈശോ
സഭ വൈദീകൻ

## ഫാദർ.സ്റ്റാൻ സ്വാമിക്ക്

മഞ്ഞുമ്മൽ ഇടവക ജനതയുടെ

# ആദരാഞ്ജലികൾ

# ഐക്യം ഉറപ്പാക്കാൻ അയക്കപ്പെട്ടവർ

## പൈതൃകം



മഞ്ഞുമ്മൽ
അമലോത്ഭവമാതാ
പള്ളിയുടേയും കർമലീത്താ
ആശ്രമത്തിന്റെയും
ആവിർഭാവത്തിനായി
ചരിത്രമൊരുക്കിയ
നാൾവഴികളിലൂടെ
വീണ്ടും.

കേരളകത്തോലിക്കാസഭയുടെ ചരിത്രത്തിൽ സുവർണ ലിപികളാൽ കുറിക്കപ്പെട്ട ദിനമാണ് 1653 ജനുവരി 3.

അന്നാണ് കൊച്ചിയിലെ മട്ടാഞ്ചേരിയിൽ “കൂനൻ കുരിശുശപഥം” നടന്നത്. മഹത്തായ ഈ സംഭവത്തിന്റെ ചരിത്രപശ്ചാത്തലം ഇങ്ങനെ: മലബാർ വികാരിയേറ്റിലെ പോർച്ചുഗീസ് ബിഷപ്പ് ഫ്രാൻസിസ് ഗാർസിയയുടെ കീഴിലുള്ള സിറിയൻ കത്തോലിക്കർക്കിടയിലെ അതൃപ്തിയുടെ, അശാന്തിയുടെയും ഒഴുക്കായിരുന്നു കാരണം. ഈ ഇടയനെ ഇവർക്കു താല്പര്യമായിരുന്നില്ല. അമർഷം പ്രത്യക്ഷമായി പ്രകടിപ്പിക്കുവാൻ അവർ ഒരു ദിനം നിശ്ചയിച്ചു.
1653 ജനുവരി 3 ന് അവർ മട്ടാഞ്ചേരിയിൽ പോയി കുരിശിൽ ഒരു വടം കെട്ടി, ആ വടത്തിൽ പിടിച്ച്, ഒരു പ്രതിജ്ഞ ചെയ്തു.

തങ്ങൾ ഈശോ സഭക്കാരായ പോർട്ടുഗീസ് മിഷനറിമാർക്ക് വിധേയരായി തുടരില്ലെന്ന്. ഒപ്പം കത്തോലിക്കാസഭയുമായി കൂട്ടായ്മയില്ലാത്ത അന്ത്യോക്യ ബിഷപ്പ് അഹത്തുള്ളയുടെ കീഴിൽ തങ്ങളെ സമർപ്പിച്ചു.
ഇത് കേരളകത്തോലിക്കാസഭയിൽ വലിയ ഭിന്നത സൃഷ്ടിച്ചു. പലരും കത്തോലിക്കാസഭ ഉപേക്ഷിച്ചു. കത്തോലികസ്വാധീനമുള്ള സമൂഹത്തെ ഈയൊരവസ്ഥ വല്ലാതെ മുറിവേൽപ്പിച്ചു. അവർ പരിശുദ്ധ പാപ്പായ്ക്ക് കത്തോലിക്കാ സമൂഹത്തിലെ ഭിന്നതയെക്കുറിച്ചും ഭവിഷ്യത്തുകളെക്കുറിച്ചും കത്തെഴുതുകയും, കേരളകത്തോലിക്കാസഭയിലെ ഐക്യവും സമാധാനവും പുന:സ്ഥാപിക്കാൻ കർമലീത്താമിഷനറിമാരെ അയക്കണമെന്നും അഭ്യർത്ഥിച്ചു.



# കർമലീത്തരുടെ കേരള ആഗമനം

1656 ഫെബ്രുവരി 19 ന് അലക്സാണ്ടർ ഏഴാമൻ പാപ്പാ, ഫാ. ജോസഫ് സെബസ്റ്റ്യാനിയുടെ നേതൃത്വത്തിൽ നാലു കർമലീത്താ മിഷനറിമാരെ കേരളത്തിലേക്കയച്ചു. ഈ ദിനമാണ് ഇന്ത്യയിലെ കർമലീത്താ ചരിത്രത്തിന്റെ ആരംഭം. 30 ഇടവകകൾ ഒഴികെ വേർപിരിഞ്ഞ മറ്റെല്ലാവരേയും തിരികെ കൊണ്ടുവരാൻ കർമലീത്താ സന്യാസികളുടെ അശ്രാന്ത പരിശ്രമത്തിന് കഴിഞ്ഞു. അന്ന് കത്തോലിക്കാ കൂട്ടായ്മയിലേക്ക് തിരികെ വന്നവരാണ് ഇപ്പോഴത്തെ സീറോ മലബാർ റീത്തുസഭ. ഇടവകകളിലെ അജപാലന ദൗത്യത്തിനൊപ്പം കർമലീത്താ സന്യാസജീവിതത്തിന്റെ വളർച്ചയ്ക്കായും തങ്ങളുടെ സമയവും ആരോഗ്യവും അവർ വിനിയോഗിച്ചു.

1709 ൽ മലബാർ വികാരിയാത്ത് അടിച്ചമർത്തപ്പെടുകയും വരാപ്പുഴ വികാരിയാത്ത് ഔദ്യോഗികമായി സ്ഥാപിതമാകുകയും ചെയ്തു.

1866ൽ വരാപ്പുഴ വികാരിയാത്ത് അതിരൂപതാപദവിയിലേക്ക് ഉയർത്തപ്പെട്ടു.

1887വരെ ലത്തീൻ റീത്തുകാരും, സീറോ മലബാർ കത്തോലിക്കരും വരാപ്പുഴ അതിരൂപതയുടെ കീഴിലായിരുന്നു.

(അടുത്ത ലക്കം: പുതിയ പാതകൾ, പുതിയ നിയോഗങ്ങൾ )

**ഫാ. ജോസി കുര്യാപ്പിള്ളി ഒ.സി.ഡി.**



Pope Alexander VII

# നേർക്കാഴ്ചകൾ

House surgency യുടെ ഒടുവിലുള്ള rural posting കേരളത്തിന്റെ മധ്യഭാഗത്തുള്ള ഒരു ഗ്രാമത്തിലായിരുന്നു. കുറെ നാളുകളായി അനുഭവിച്ചു കൊണ്ടിരിക്കുന്ന പിരിമുറുക്കത്തിൽ നിന്നും ഒരു മോചനം വല്ലാത്തൊരാശ്വാസമായിരുന്നു അത്. യാതൊരുവിധ തിരക്കുകളുമില്ലാതെ ശാന്തവും ലളിതവുമായ ജീവിതം. പനി, ചുമ, വയറിളക്കം ശ്വാസം മുട്ട് തുടങ്ങിയ ചെറിയ രോഗങ്ങളുമായി വന്നവരായിരുന്നു അധികവും. മുറിവ് തുന്നൽ ഇടാനും ഒടിവും ചതവുമായും വന്നിരുന്ന അപൂർവ്വം ചിലരൊഴിച്ചാൽ കാര്യമായ രോഗികൾ ആരും തന്നെയുണ്ടായിരുന്നില്ല. വളരെ സമാധാനപരമായ അന്തരീക്ഷത്തിൽ വിരാചിക്കവേയാണ് ആ സംഭവം ഉണ്ടായത് പതിവു പോലെ ഡ്യൂട്ടി ഉള്ള ദിവസം. ഒരു കേസ് വന്നിട്ടുണ്ടെന്നും പെട്ടെന്ന് അത്യാഹിത വിഭാഗത്തിലേക്കു വരണമെന്നും സിസ്റ്റർ ആവശ്യപ്പെട്ടതനുസരിച്ച് ഞാൻ അങ്ങോട്ടേയ്ക്ക് വേഗത്തിൽ നടന്നുനീങ്ങി, വളരെ ദൂരെ നിന്നു തന്നെ മുറിക്കു മുന്നിൽ തിങ്ങി നില്ക്കുന്ന ആൾക്കൂട്ടം ഞാൻ കണ്ടു. എന്റെ മനസ്സിൽ ഭീതിയുടെ തിരയനക്കം ഞാനറിഞ്ഞു.

**ഭീതി**

അത്യാഹിത വിഭാഗത്തിനു മുന്നിൽ വികാര പാരവശ്യത്തോടെ നിന്നിരുന്ന ഒരു മധ്യവയസ്കൻ ദേഷ്യത്തോടെ എന്നോട് കയർത്തു സംസാരിച്ചു. തന്റെ ഭാര്യയ്ക്ക് എന്തു സംഭവിച്ചു എന്നാണയാൾക്ക് അറിയേണ്ടത്, രോഗിയെ പരിശോധനയ്ക്ക്



Dr. അഖില ആൽബേർട്ട്
മേരി മാതാ യൂണിറ്റ്

വിധേയമാക്കാതെ തനിക്ക് എങ്ങിനെ മറുപടി പറയാനാകും? ഒരു വിധത്തിൽ അയാളെ ആശ്വസിപ്പിച്ചു. ക്യാൻസർ രോഗിയായ ഭാര്യയ്ക്ക് ക്ഷീണം കൂടുതലായതിനാലാണ് ആശുപത്രിയിൽ കൊണ്ടുവന്നത്. Vitals നോക്കി fluid ഇടാൻ സിസ്റ്ററിനോട് പറഞ്ഞു ഏതാനും മണിക്കൂറുകൾക്കുള്ളിൽ ക്ഷീണമെല്ലാം മാറി. രോഗി തീർത്തും ഓകെ ആയപ്പോൾ മനസ്സൊന്നു തണുത്തു. മുറിയിൽ നിന്നും പുറത്തേക്കിറങ്ങിയതും ആ മധ്യവയസ്കൻ ഓടി എന്റെ അടുക്കൽ എത്തി ക്ഷമ ചോദിച്ചു, പെട്ടെന്നുള്ള ടെൻഷനിൽ സംഭവിച്ചു പോയതാണെന്നും നിങ്ങൾ ഞങ്ങൾക്ക് ദൈവങ്ങളെ പോലെയാണെന്നും അയാൾ പറഞ്ഞു, അയാളുടെ വാക്കുകൾ എന്നിൽ ഉണർത്തിയത് അനല്പമായ സന്തോഷമായിരുന്നില്ല. തന്റെ അപ്പനേക്കാൾ പ്രായമുള്ള ഒരു മനുഷ്യൻ തന്റെ മുന്നിൽ ക്ഷമാപണത്തോടെ കൈകൂപ്പി നിൽക്കുക, താൻ ദൈവത്തെപ്പോലെയാണെന്നു പറയുക. കരിയറിന്റെ ആരംഭത്തിൽ തനിക്ക് കിട്ടിയ ഏറ്റവും വലിയ അഭിനന്ദനം. തന്റെ കണ്ണുകൾ ഈറനണിഞ്ഞോ ആവോ ?

ചില സമയത്ത് ഡോക്ടേഴ്സും ആരോഗ്യമേഖലയിൽ പ്രവർത്തിക്കുന്നവരും അനുഭവിക്കുന്ന ദുരിതങ്ങൾ കാണുകയും കേൾക്കുകയും ചെയ്യുമ്പോൾ പലപ്പോഴും തോന്നിയിട്ടുണ്ട്. എന്തിനീ ആത്മാർത്ഥത ? ആർക്കുവേണ്ടി ? രാപ്പകലില്ലാതെ ജനങ്ങളെ സേവിച്ചു കൊണ്ടിരിക്കുന്ന ഞങ്ങളുടെ അവസ്ഥ മനസ്സിലാക്കാൻ ആരുണ്ടിവിടെ ? കോവിഡ് മൂലം ഒരാൾ മരണപ്പെട്ടാൽ ഡോക്ടർ അയാളെ കൊന്നെന്നു പറയുന്ന ലോകം. അവർക്ക് ഏറ്റവും പ്രിയപ്പെട്ട ഒരാളെ അടർത്തിയെടുക്കുമ്പോൾ ഉണ്ടാകുന്ന മാനസികാവസ്ഥയിൽ നിന്നും പുറപ്പെടുന്നതാണ് ഇത്തരം പ്രസ്താവനകളെന്നറിയാമെങ്കിൽ പോലും ഞങ്ങളുടെ നെഞ്ചിലെ നീറ്റൽ ആരും അറിയാൻ ശ്രമിച്ചിട്ടുമില്ല.

ഒരു ഡോക്ടർക്ക് രോഗിയുമായുള്ള അടുപ്പമെന്നു പറയുന്നത് ഏതാനും മണിക്കൂറുകളോ അല്ലെങ്കിൽ ദിവസങ്ങളോ ആയിരിക്കാം, കുറച്ചു നിമിഷത്തെ പരിചയമാണെങ്കിൽ പോലും അയാളെ രക്ഷിക്കാൻ കഴിഞ്ഞില്ലെങ്കിൽ ഞങ്ങൾക്കുണ്ടാകുന്ന വേദന എത്ര വലുതെന്നാർക്കറിയാം..?

ഒരു ഡോക്ടർ ആവുക അത്ര എളുപ്പമുള്ള ഒന്നല്ല. കൃത്യസമയത്ത് ഭക്ഷണമോ ഉറക്കമോയില്ലാതെ ജീവിതത്തിലെ പല നല്ല നിമിഷങ്ങളും കവർന്നെടുക്കുന്ന ഒരുദ്യോഗമല്ലേ ഇത്. ഞങ്ങളുടെ ജീവിതത്തിന് എന്ത് ഉറപ്പാണുള്ളത് ? ഈ കോവിഡ് കാലഘട്ടത്തിൽ അറിഞ്ഞു കൊണ്ടു തന്നെ മരണത്തെ പുൽകാൻ തയ്യാറായ ചാവേറുകളല്ലേ ഈ ഞങ്ങൾ. ഒരു ഡോക്ടർ എന്നതിലുപരി ഒരു മനുഷ്യനാണെന്നു കരുതുക.

അതുമാത്രമെങ്കിലും പ്രതീക്ഷിച്ചോട്ടെ ....



# വി. യൗസേപ്പിതാവ്

# ജീവിതസഹയാത്രികൻ

വിശുദ്ധരുടെ ഇടയിൽ ഏറ്റവും കൂടുതൽ വണങ്ങപ്പെടേണ്ട വിശുദ്ധൻ. തന്റെ സ്വപുത്രനെ ഭൂമിയിലേക്ക് അയയ്ക്കുക എന്ന ദൈവപിതാവിന്റെ പദ്ധതിക്കായി, യേശുവിന്റെ വളർത്തപ്പനായി തിരഞ്ഞെടുക്കപ്പെട്ട വി. യൗസേപ്പിതാവ് നിത്യപിതാവിന്റെ വിശ്വസ്തനായ പുത്രനായിരുന്നു. ദൈവത്തോടുള്ള അനന്തസ്നേഹത്തിന്റെ പാരമ്യതയാണ് തന്റെ ജീവിതപങ്കാളിയായ് മറിയത്തെ സ്വീകരിക്കാൻ വിശുദ്ധ യൗസേപ്പിതാവിനെ പ്രാപ്തനാക്കിയത്. ഈ ദൈവസ്നേഹാനുഭവമാണ് മക്കളായ നമുക്കും നല്ല ഒരു പിതാവായി മാറുവാനും, അത് തലമുറകളിലേക്കും പെയ്തിറങ്ങുന്ന പൈതൃകസ്നേഹമായ് നാം അനുഭവിച്ചറിയുന്നതും.

യേശുവിന്റെയും മറിയത്തിന്റെയും സംരക്ഷകനായി മാറിയ വിശുദ്ധ യൗസേപ്പിതാവ് ഒരിക്കൽപ്പോലും സംസാരിക്കുന്നത് നാം കാണുന്നില്ല. വാക്കുകൾക്ക് അപ്പുറം പ്രവർത്തനനിരതനായ ഒരു മനുഷ്യനെയാണ് നമുക്ക് യൗസേപ്പിതാവിൽ കാണാൻ സാധിക്കുന്നത്. ദൈവിക സ്വരത്തിന് സംശയമന്യേ കാതുനല്കിയ വി. യൗസേപ്പിതാവ് നിർമ്മലമനസാക്ഷിയാണ്.
കുടുംബവും പിതൃത്വവും ഏറെ വെല്ലുവിളികൾ നേരിടുന്ന ഈ കാലഘട്ടത്തിൽ വിശുദ്ധ യൗസേപ്പിതാവിന് കുടുംബങ്ങളിൽ പ്രഥമസ്ഥാനം നൽകിക്കൊണ്ട് കുടുംബം കൂടുതൽ മനോഹരവും, പരിശുദ്ധവുമാക്കി നമുക്ക് മാറ്റുവാൻ സാധിക്കും.

ഏതവസരങ്ങളിലും, സാഹചര്യങ്ങളിലും നമ്മുടെ സഹായത്തിനെത്തി നമുക്ക് കൃപകൾ വാങ്ങി തരാൻ കഴിവുണ്ട് വി. യൗസേപ്പിതാവിന്.
വി. യൗസേപ്പിതാവ് സ്വയം ബലിയായ്, ബലിവസ്തുവായ് മാറിയപ്പോൾ സ്വർഗ്ഗം ഭൂമിയെ നോക്കി. ആനന്ദാശ്രുക്കൽ പൊഴിച്ചു.
ഇനിയും ഭൂമിയിൽ തുടരാം.. സ്വർഗ്ഗം സന്തോഷിക്കട്ടെ.. സ്വയം ബലിയായ് മാറുന്ന പിതാക്കന്മാരിലൂടെ.



അനീറ്റ വർഗീസ്
വിമലാംബിക യൂണിറ്റ്

# നിത്യതയിലേക്ക്



ട്രീസ റാഫേൽ
ആര്യഞ്ചേരി



കുഞ്ഞമ്മ
വർഗീസ്
മഠത്തിപ്പറമ്പിൽ



ജയ്സൻ കൊറയ
കുറ്റിക്കാപ്പറമ്പിൽ



മാഗി ലാസർ
കൊമരഞ്ചാത്ത്



ആന്റണി
വേലിയാത്ത്



പോൾ
സ്രാമ്പിക്കൽ



ഫ്രാങ്കോ കൊറയ
കുറ്റിക്കാപ്പറമ്പിൽ



മേരി ജേക്കബ്
കോയ്മക്കാട്



കൊച്ചുത്രേസ്യ
ജോസഫ്
പണ്ട്യത്ത് പറമ്പിൽ



ജോർജ്
പള്ളിപ്പറമ്പിൽ



ആന്റണി
വേലശ്ശേരി



രാജമ്മ റോയ്
പള്ളിത്തറ



ത്രേസ്യ ദേവസി
ഈച്ചരങ്ങാടി



ജോസഫ് ജോർജ്
വേട്ടാപറമ്പിൽ

# സ്വർഗ്ഗീയഭവനത്തിലേക്ക് വിളിക്കപ്പെട്ട വന്ദ്യ വൈദികർക്ക്

# ആദരാഞ്ജലികൾ



ഇടവകയുടെ മുൻ
സഹവികാരി ആയിരുന്ന

**റവ.ഫാ. മാത്യു കുമ്പളത്തുംപറമ്പിൽ OCD**



ഇടവകയുടെ മുൻ വികാരിയും
നിഷ്പാദുക കർമലീത്ത സഭയുടെ
പ്രൊവിൻഷ്യാളും കൗൺസിലറുമായിരുന്ന

**റവ.ഫാ. പോൾ കാട്ടിപ്പറമ്പിൽ OCD**



മഞ്ഞുമ്മൽ മുൻ
ആശ്രമാംഗമായിരുന്ന

**ബ്രദർ പയസ് ജോസഫ് OCD**



മഞ്ഞുമ്മൽ പ്രൊവിൻസ്
അംഗമായിരുന്ന

**റവ.ഫാ. ഫ്രാൻസിസ് ചെറിയകടവിൽ OCD**



നിഷ്പാദുക കർമലീത്ത സഭ
പ്രൊവിൻഷ്യാളും ആഗോള
കർമലീത്ത സഭ ഡെഫനിറ്റർ
ജനറലും ആയിരുന്ന

**റവ.ഫാ. അത്തനേഷ്യസ് ഡി അൽമേഡാ OCD**

# ഒന്നായവർ



താന്നിപ്പിള്ളി അരുൺ ജോസ്
&
കീട്ടുപറമ്പിൽ ലിനിയ ജോയ്

# നവാതിഥികൾ



പടയാറ്റിൽ നിഥിൻ ജോയ് & എമിൽ ജോർജ് മകൻ

**എമ്മാനുവേൽ ജോനിഥിൻ**

അന്തിക്കാട് സാലു അലക്സ് & അനു സാലു മകൾ

**ഈസ്റ്റർ ഫെനി**

കുഴിയത്ത് ബിജോയ് & വിനു ബിജോയ് മകൾ

**മേരി ജോവീന**

കോതേത്ത് ജിത്തു ജോർജ് & വീണ വിൻസെന്റ് മകൻ

**ജുവാൻ ജിത്തു**

കോലംകണ്ണി ലിയോ ഡേവിഡ് & മിഖില മോൺസി മകൾ

**കലിസ്റ്റ സെലിൻ**

കടവിൽ പറമ്പിൽ റോഷിത് ജോൺ & റിയ ത്രേസ്യ മകൾ

**റിഹാന്ന ആഗ്നോ**